# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 7/2393/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 17/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 7/2393/2022 തീയ്യതി: 17/01/2023

## കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-11-2021 മുതൽ 05-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 06-12-2022 | 15-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2022 | 15-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ദിശ.ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഉണ്ണി വേങ്ങേരി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. കൃഷ്ണകുമാർ.കെ | സെക്രട്ടറി | 01-04-2021 | 18-12-2021 |
| ശ്രീ. സുജീഷ്.പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-12-2021 | 02-01-2022 |
| ശ്രീമതി. അനിതകുമാരി.ഐ | സെക്രട്ടറി | 03-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുജീഷ്.പി.കെ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.സുധീർനാഥ് കെ.സി | അസി. എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ജിജിഷ.പി.കെ | കൃഷി ഓഫീസർ | 01-04-2021 | 07-02-2022 |
| ശ്രീ. ജിജോ ജോസഫ് | കൃഷി ഓഫീസർ | 08-02-2022 | 31-03-2022 |
| ശ്രീമതി. മോളി.ടി.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-05-2021 |
| ശ്രീമതി. ഷീന.പി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2021 | 29-06-2021 |
| ശ്രീമതി. ഷഹീൻ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 30-06-2021 | 23-11-2021 |
| ശ്രീമതി. നീതു വർഗീസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| ഡോ.ബിജേഷ് ഭാസ്കർ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 31-07-2021 |
| ഡോ. ഇ.വി.ആനന്ദൻ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-08-2021 | 31-03-2022 |
| ഡോ. ഷൈജു.ഒ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. അശ്വതി.എസ്.ആർ | വെറ്ററിനറി സർജൻ | 01-04-2021 | 02-10-2021 |
| ഡോ. ശബരീഷ് | വെറ്ററിനറി സർജൻ | 03-10-2021 | 14-12-2021 |
| ഡോ. വിജിത.സി | വെറ്ററിനറി സർജൻ | 15-12-2021 | 31-03-2022 |
| ശ്രീ. ബിജു.കെ | വി.ഇ.ഒ | 01-04-2021 | 19-02-2022 |
| ശ്രീമതി. ജംഷീറ.സി.കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ. സാം ഫിലിപ്പ്.പി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. ശ്യാംചന്ദ് | സബ് ഇൻസ്പെക്ടർ ഓഫ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഫിഷറീസ് | | |
| ശ്രീ. മുഹമ്മദ് നവാസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 27-10-2021 |
| ശ്രീമതി. റിജുല.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക്കിയില്ല | 1-10 |
| 13 | പെർമിറ്റ് ഫീ ഈടാക്കിയതിലെ അപാകത | 1-11 |
| 14 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-12 |
| 15 | വിഭവസ്രോതസ് കണ്ടെത്തലും വിപുലീകരണവും പദ്ധതി | 1-13 |
| 16 | തൊഴിൽ നികുതി അപാകതകൾ | 1-14 |
| 17 | സ്ഥിര നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്ത പലിശ ലഭിക്കുന്നില്ല | 1-15 |
| 18 | പദ്ധതി രൂപീകരണത്തിലെ അപാകത സംബന്ധിച്ച് | 1-16 |
| 19 | പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിക്കുന്നില്ല. | 1-17 |
| 20 | സ്പിൽ ഓവർ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല. | 1-18 |
| 21 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയില്ല | 1-19 |
| 22 | പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ - അപാകതകൾ | 1-20 |
| 23 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്കുകൾ - പ്രവൃത്തി പൂർത്തീകരണ വിവരമില്ല | 1-21 |
| 24 | സ്ട്രീറ്റ് മെയിൻ ലൈൻ വലിച്ചിട്ടും സർവ്വീസ് കണക്ഷൻ എടുത്തില്ല | 1-22 |
| 25 | വയോജനങ്ങൾക്ക് കട്ടിൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-23 |
| 26 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും ബത്തയും യഥാസമയം നൽകുന്നതിൽ വീഴ്ച. | 1-24 |
| 27 | കലക്ടേർസ് @ സ്കൂൾ പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല | 1-25 |
| 28 | ആട് ഗ്രാമം -വനിത – ഇൻകം ടാക്സ് ഈടാക്കിയില്ല | 1-26 |

| | | |
|---|---|---|
| 29 | ഗ്രാമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം - ഫർണ്ണീച്ചർ വിതരണത്തിലും വാടക നൽകിയതിലും അവ്യക്തത | 1-27 |
| 30 | മുൻകൂറായി വില നൽകിയിട്ടും കമ്പ്യൂട്ടറുകളും പ്രിന്ററുകളും ലഭിച്ചില്ല | 1-28 |
| 31 | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-29 |
| 32 | പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-30 |
| 33 | അജൈവഖരമാലിന്യ നിർമ്മാർജ്ജനം - അപാകതകൾ | 1-31 |
| 34 | ഗാർഹിക കമ്പോസ്റ്റിങ്ങ് സംവിധാനങ്ങളുടെ വിതരണം - അപാകതകൾ | 1-32 |
| 35 | ഭവനനിർമ്മാണ പൂർത്തീകരണം - പഞ്ചായത്തിന്റെ ഇടപെടൽ അഭിനന്ദനാർഹം | 1-33 |
| 36 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-34 |
| 37 | വെള്ളക്കരം അടവാക്കൽ - അപാകതകൾ | 1-35 |
| 38 | കോടതി കേസുകൾ കൈകാര്യ ചെയ്യുന്നതിൽ അപാകത | 1-36 |
| 39 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി-പദ്ധതി നടത്തിപ്പിലെ അപാകത | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ തീരുമാന നമ്പർ-1 പ്രകാരവും പുതുക്കിയ ബജറ്റ് 24.03.2022 ലെ തീരുമാന നമ്പർ-1 അംഗീകരിച്ചിട്ടുണ്ട്. 2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 3,03,51,982 |
| വരവ് | 53,80,72,282 |
| ആകെ | 56,84,24,264 |
| ചെലവ് | 54,24,35,026 |
| നീക്കിയിരിപ്പ് | 2,59,89,238 |

തനത് വരുമാനം-ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വാർഷികകണക്കുകൾ പ്രകാരമുള്ള വരുമാനവുമായുള്ള വിടവ് ഇത് വ്യക്തമാക്കുന്നു. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്ക പ്രകാരം വരവ് |
|---|---|---|
| 110 - നികുതി വരവുകൾ | 68,00,000 | 60,94,102 |
| 130 – നികുതിയിതര വരവുകൾ | 3,25,000 | 1,86,508 |
| 171 – ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 2,00,000 | 6,49,797 |
| 180 - മറ്റു വരവുകൾ | - | 2,22,174 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല

ബജറ്റ് രേഖകൾ പൂർണ്ണമല്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 05.05.2022 |

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഡെപ്പോസിറ്റ് ഇനത്തിൽ 2020-21 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2021-22 വർഷം ലഭിച്ച തുക RP-34 വരവ് ഭാഗം) - (2021-22 വർഷത്തെ ചെലവ് RP-34 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 3,83,891/- രൂപയും 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 1,78,074/- രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയ തുകയാണോ വ്യത്യാസമുള്ള തുക എന്ന് പരിശോധിച്ച് വിശദമറുപടി നൽകുക.

2. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 5,53,572/-രൂപ നീക്കിയിരിപ്പുണ്ട്. വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ (Treasury Special TSB JointVenture) 10,00,000/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

3. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം KURDFC ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് 2,55,79,706/- രൂപയാണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം ലോൺ ഇനത്തിൽ 2,57,86,259/- രൂപയാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്.

4. എസ്.ബി.ഐ, പേരാമ്പ്ര, ഇ-പെയ്മെന്റ് അക്കൗണ്ടിന്റെ ( നം.67388816474) 06/2021, 12/2021, 01/2022, 02/2022, 03/2022 മാസങ്ങളിലെ ബാങ്ക് സ്റ്റേറ്റ്മെന്റുകളും 03/2022 ലെ ഇ-പെയ്മെന്റ് റസീപ്റ്റ്

സ്റ്റേറ്റ്മെന്റും ഹാജരാക്കാത്തതിനാൽ വസ്തു നികുതി ഇ-പെയ്മന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ക്രഡിറ്റ് ആകുന്നതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5. വാടക രജിസ്റ്റർ പ്രകാരം 2021-22 വർഷത്തെ കളക്ഷൻ 82,354 രൂപയാണ്. എന്നാൽ 2021-22 വാർഷിക ധനകാര്യ പത്രിക RP-43 ഷെഡ്യൂൾ പ്രകാരം വാടക ഇനതത്തിലെ തൻവർഷത്തെ കളക്ഷൻ തുക 26,478 രൂപയാണ്.

6. 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ പിരിച്ചെടുക്കാൻ തുക ബാക്കിയില്ല. എന്നാൽ 2021-22 വാർഷിക ധനകാര്യ പത്രിക RP-43 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ(അരിയർ) ഇനത്തിൽ 896 രൂപ കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

7. വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും വസ്തുനികുതി ഇനത്തിലെ തൻവർഷത്തെ കളക്ഷൻ തുകകൾ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക RP-43 പ്രകാരം |
|---|---|---|
| വസ്തുനികുതി (റസിഡൻഷ്യൽ) | 19,83,406 | 19,79,571 |
| വസ്തുനികുതി (നോൺ-റസിഡൻഷ്യൽ) | 24,33,333 | 24,19,995 |

8. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ കളക്ഷൻ 10,51,530/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-1 പ്രകാരം കളക്ഷൻ തുക 10,23,030/- രൂപയാണ് .

9. ചങ്ങരോത്ത് സർവീസ് കോപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ടിന്റെ (അക്കൗണ്ട് നം-001001005503) 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റും ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 31.03.2022 ലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്താനായിട്ടില്ല.

10. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 1,00,176/- രൂപയുടെ സ്റ്റോർസ് 2021-22 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,53,71,548 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,24,27,974 |
| ആകെ | 11,77,99,522 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,90,56,409 |
| നീക്കിയിരിപ്പ് | 2,87,43,113 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,65,92,667 | 1,65,92,667 | 1,64,86,580 | 1,06,087 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 71,02,705 | 71,02,705 | 61,24,973 | 9,77,632 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 2,50,000 | 2,50,000 | 2,50,000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 1,29,99,571 | 1,29,99,571 | 68,41,522 | 61,58,049 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 79,42,750 | 79,42,750 | 47,31,475 | 32,11,275 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 0 | 4,79,422 | 4,79,422 | 4,72,919 | 6,503 |

| | | | | | |
|---|---|---|---|---|---|
| (ട്രഷറി മുഖേന) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ( PFMS മുഖേന) | 0 | 36,66,000 | 36,66,000 | 20,39,229 | 16,26,771 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 49,34,168 | 49,34,168 | 20,97,983 | 28,36,185 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 0 | 55,00,000 | 55,00,000 | 23,14,075 | 31,85,925 |
| റിലീഫ് ഫണ്ട് | 4,561 | 182 | 4,743 | - | 4,743 |
| എം.പി.ഫണ്ട് | 24,268 | 662 | 24,930 | - | 24,930 |
| തനത് ഫണ്ട് - ചങ്ങരോത്ത് സർവീസ് കോപ്പറേറ്റീവ് ബാങ്ക് 5503 | 1,14,22,991 | 95,35,038 | 2,09,58,029 | 81,02,777 | 1,28,55,252 |
| എസ്.ബി.ഐ-ഇ പെയ്മെന്റ് 67388816474 | 4,79,612 | 4,11,391 | 8,91,003 | 42,526 | 8,48,477 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 10,65,65,281 | 2,33,15,486 |
| വികസനഫണ്ട് (എസ്.സി.പി) | 4,21,10,666 | 70,22,666 |
| വികസനഫണ്ട് (ടി.എസ്.പി) | 7,50,000 | 2,50,000 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 24,34,39,181 | 68 | 5,80,45,689 | 45 | 37 | 45 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | യിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 186731 | 630805 | 817536 | 557255 | 260281 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 112804255 | 112804255 | 112804255 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,73,31,200 | 1025 |
| വിധവാപെൻഷൻ | 2,01,82,000 | 1282 |
| വാർദ്ധക്യകാലപെൻഷൻ | 3,48,13,100 | 2375 |
| വികലാംഗപെൻഷൻ | 60,91,200 | 393 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,68,000 | 24 |
| വിവാഹ ധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2022 ന് 10.30 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,924/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ച് കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പ

വരുത്തുന്നതിൽ പലപ്പോഴും മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ എല്ലാ മാസങ്ങളിലേയും റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രിന്റെടുത്ത് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2021-22 വർഷത്തിൽ തയ്യാറാക്കിയിട്ടില്ല. പരാതി രജിസ്റ്ററിലും അപേക്ഷ/പരാതി ലഭിച്ച ശേഷമുള്ള തുടർനടപടി വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. ഓഫീസിലെ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഉദാ:- കോടതി, കേസുമായി ബന്ധപ്പെട്ട ഫയലുകൾ. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ച് നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

## 1-10 വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് 203, 208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ 1.

| | |
|---|---|
| വാർഡ് നമ്പർ | 1 |
| കെട്ടിട നമ്പർ | 1 J<br>(കുറിപ്പ്: K, L, M, N, P, S, U, V, X, Z, AA ഒഴികെ) |
| ആകെ തറ വിസ്തീർണ്ണം | 477.07 ച.മീ |
| 1 J നമ്പർ മുറിയുടെ തറ വിസ്തീർണ്ണം | 13.81 ച.മീ |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | മൂസ്സ കോത്തമ്പ്ര, ജമീല, സൌദ, സാബിറ, ഹസീന, സറീന, ഇസ്മയിൽ, ബഷീർ, അബ്ദുൾഫിറോസ്,<br>കൊട്ടുമയിൽ, ചെറിയകുംമ്പളം,<br>പാലേരി-673508 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2021 ആദ്യ അർദ്ധ വാർഷികം |

| |
|---|
| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം |

| ബാധകമാക്കിയ നികുതി നിരക്ക് 30 രൂപ ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് 50 രൂപ ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
|---|---|---|
| 13.81*30= 414.3<br>415+83=498<br>498+25= 523/-<br>{അടിസ്ഥാന നികുതി + വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%} + ലൈബ്രറി സെസ് 5% | 13.81*50= 691<br>691+138=829<br>829+41= 870/-<br>{അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%} + ലൈബ്രറി സെസ് 5% | 2021-22<br>870-523 = 347/-<br>(331 BT+ 16 LC) |
| ആകെ | | 347/-രൂപ<br>331BT+16LC |

ക്രമ നമ്പർ 2.

| | |
|---|---|
| വാർഡ് നമ്പർ | 18 |
| കെട്ടിട നമ്പർ | 407 A, B, C, D, E, F<br>{(കുറിപ്പ്: G, H, I ഒഴികെ) - ഗ്രൂപ്പ് D} |
| ആകെ തറ വിസ്തീർണ്ണം | 130.65 ച.മീ |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | അലീന ഫാത്തിമയ്ക്ക് വേണ്ടി റൈഹാനത്ത്,<br>ചിറ്റാരിക്കൽ,<br>പാലേരി-673508 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2019 രണ്ടാം അർദ്ധ വാർഷികം |

| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | | |
|---|---|---|
| ബാധകമാക്കിയ നികുതി | ബാധകമാക്കേണ്ട നികുതി | നഷ്ടം |

| | | |
|---|---|---|
| നിരക്ക് 30 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും<br>അടക്കം) | നിരക്ക്<br>50 രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും<br>അടക്കം) | |
| 130.65*30= 3920<br>3920+784=4704/-<br>4704+235= 4939/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 130.65*50= 6533<br>6533+1307=7840<br>7840+392= 8232/-<br>{അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 2019-20 രണ്ടാം അർദ്ധ വാർഷികം<br>8232- 4939<br>=3293/-<br>3293/2<br>= 1647/-<br>2020-21<br>8232- 4939<br>=3293/-<br>(1568BT+79)<br>2021-22<br>8232- 4939<br>=3293/-<br>(3136 BT+157 LC) |
| ആകെ | | 8233/- രൂപ<br>7840 BT+393 LC |

ക്രമ നമ്പർ 3.

| | |
|---|---|
| വാർഡ് നമ്പർ | 1 |
| കെട്ടിട നമ്പർ | 382 A, E, I, J |
| ആകെ തറ വിസ്തീർണ്ണം | 147.9 ച.മീ |
| കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | അബ്ദുൾകരീം.സി.കെ,<br>ചെമ്പോട്ട്കണ്ടി, |

| | |
|---|---|
| | ചെറിയകുമ്പളം, പാലേരി-673508 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2019 രണ്ടാം അർദ്ധ വാർഷികം |

| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | | |
|---|---|---|
| ബാധകമാക്കിയ നികുതി നിരക്ക് 30 രൂപ ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് 50 രൂപ ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
| 147.9*30= 4437<br>4437+887=5324<br>5324+266= 5590/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 147.9*50= 7395<br>7395+1479=8874<br>8874+444= 9318/-<br>{അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 2019-20<br>9318- 5590 =3728/-<br>(3550BT+178LC)<br>2020-21<br>9318- 5590 =3728/-<br>(3550BT+178LC)<br>2021-22<br>9318- 5590 =3728/-<br>(3550BT+178LC) |
| ആകെ | | 11,184/- രൂപ<br>(7100BT+356LC) |

വസ്തുനികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

ഓഡിറ്റ് വർഷം നഷ്ടം 7017/- BT (331+3136+3550) + 529 LC (16+157+356) ആകെ-7547

## 1-11 പെർമിറ്റ് ഫീ ഈടാക്കിയതിലെ അപാകത

ന്യൂ ബിൽഡിംങ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പലരിൽ നിന്നും പഞ്ചായത്ത് പെർമിറ്റ് ഫീ ഈടാക്കിയത് കുറവായാണെന്ന് കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പെർമിറ്റ് അപേക്ഷ നം. | A1/3106/2018 |
| പെർമിറ്റ് നം. | A1-TBA(161365)/2018 |
| സർവ്വേ നം. | 44/4 |
| പെർമിറ്റിന് /റെഗുലറൈസ് ചെയ്യുന്നതിന് അപേക്ഷിച്ചയാളുടെ പേര്/ മേൽവിലാസം<br>(സഞ്ചയ പ്രകാരം) | ശ്രീമതി. അലീന ഫാത്തിമയ്ക്ക് വേണ്ടി റൈഹാനത്ത്,<br>ചിറ്റാരിക്കൽ,<br>പാലേരി-673508 |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | |
| ഗ്രൗണ്ട് ഫ്ലോർ (F ഒക്യുപെൻസി) | 130.13 ച.മീ |
| ഫസ്റ്റ് ഫ്ലോർ (A1 ഒക്യുപെൻസി) | 165.23 ച.മീ |
| ആകെ വിസ്തീർണ്ണം | 295.36 |

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ എസ്.ആർ.ഒ നം.127/2011 (G.O(MS) No.41/2011/LSGD Dt. 14.02.2011) ചട്ടം 11(3), പട്ടിക-II പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് A1 ഒക്യുപൻസി കെട്ടിടങ്ങൾക്ക് 5 രൂപ/ച.മീറ്ററും A1 ഒഴികെ മറ്റു ഒക്യുപെൻസിയിലുള്ള കെട്ടിടങ്ങൾക്ക്-7രൂപ/ച.മീറ്ററുമാണ് പെർമിറ്റ് ഫീസ്.

മേൽ കെട്ടിടത്തിൽ ഗ്രൂപ്പ് F ഒക്യുപെൻസിയിൽപ്പെടുന്ന വിസ്തീർണ്ണം = 130.13 ച.മീ

ഗ്രൂപ്പ് A1 ഒക്യുപെൻസിയിൽപ്പെടുന്ന വിസ്തീർണ്ണം = 165.23 ച.മീ

ടി കെട്ടിടത്തിന് പെർമിറ്റ് ഫീ ഇനത്തിൽ 26/07/2018ലെ 18040101681 നമ്പർ രസീതി പ്രകാരം 1477/- (295.36*5) രൂയാണ് ഈടാക്കിയിട്ടുള്ളത്. ഗ്രൂപ്പ് A1 കെട്ടിടങ്ങൾക്ക് 5/- രൂപയും ഗ്രൂപ്പ് F കെട്ടിടങ്ങൾക്ക് 7/- രൂപയുമാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. അങ്ങനെയെങ്കിൽ,

ഈടാക്കേണ്ട പെർമിറ്റ് ഫീസ് = (130.13 X 7) + (165.23x5) = 911+826 = 1737/- രൂപ

പെർമിറ്റ് ഫീസ് ഈടാക്കിയതിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക 260/-രൂപ ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-12 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ എസ്.ആർ.ഒ നം.127/2011 (G.O(MS) No.41/2011/LSGD Dt. 14.02.2011) ചട്ടം 11(3), പട്ടിക-II പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് A1 ഒക്യുപൻസി കെട്ടിടങ്ങൾക്ക് 5 രൂപ/ച.മീറ്ററും A1 ഒഴികെ മറ്റു ഒക്യുപെൻസിയിലുള്ള കെട്ടിടങ്ങൾക്ക്-7 രൂപ/ച.മീറ്ററുമാണ് പെർമിറ്റ് ഫീസ്. എന്നാൽ താഴെ ചേർത്ത ഗ്രൂപ്പ് F ഒക്യുപെൻസിയിൽപ്പെടുന്ന (വാണിജ്യാവശ്യം) അപേക്ഷയിൽ പെർമിറ്റ് ഫീസ് കുറവായാണ് ഈടാക്കിയത്.

| പെർമിറ്റിന് / റെഗുലറൈസ് ചെയ്യുന്നതിന് അപേക്ഷിച്ചയാളുടെ പേര്/ മേൽ വിലാസം/ സർവെ നമ്പർ | അപേക്ഷ നമ്പർ/ഫയൽ നമ്പർ | പെർമിറ്റ് നമ്പർ | വിനിയോഗ തരം/ വിസ്തീർണ്ണം | ഈടാക്കേണ്ട തുക (രൂപ) | ഈടാക്കിയ തുക/ രസീതി/ തീയതി (രൂപ) | കുറവ് (രൂപ) |
|---|---|---|---|---|---|---|
| ശ്രീ.കുഞ്ഞമ്മത് കുട്ടി, കല്ലാറ, കുളക്കണ്ടം, കുറ്റ്യാടി.പി.ഒ, 673508 64/23 | Application No. A1/805/2019 തീയതി: 13/02/2019 | A1-BA(284722)/ 2019 തീയതി: 17/04/2019 | കൊമേഴ്ഷ്യൽ/ 432.44 ച.മീറ്റർ | 3027/- (7x432.44) | 2162/- (5*432.44) 119040102961/ 14.10.2019 | 865 |

പെർമിറ്റ് ഫീസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക 865/- രൂപ ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-13 വിഭവസ്രോതസ് കണ്ടെത്തലും വിപുലീകരണവും പദ്ധതി

2022-23 സാമ്പത്തിക വർഷം ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് തനത് വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് വിഭവസ്രോതസ് കണ്ടെത്തലും വിപുലീകരണവും (പ്രോജക്ട് നമ്പർ S0146/23). ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിലെ നിരവധി കെട്ടിടങ്ങൾ ബിൽഡിംങ് പെർമിറ്റില്ലാതെ നിർമ്മാണം നടത്തുകയും ചില കെട്ടിടങ്ങൾ നമ്പറിട്ടതിനു ശേഷം ഇരു നില കെട്ടിടങ്ങളാക്കുകയും മറ്റു ചിലത് പരിഷ്കരണ പ്രവൃത്തികൾ നടത്തുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃത നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ കണ്ടെത്തി അവയുടെ വിസ്തീർണ്ണം അളന്ന് കേരള

പഞ്ചായത്തി രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥകൾ പാലിച്ച് കൊണ്ട് ക്രമവൽകരണം നടത്തുന്നതു വഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ആത്യന്തിക ലക്ഷ്യം.

20.10.2011 തിയ്യതിയിലെ GO(P) 2411/2011 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 2011-2012 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി പരിഷ്കരണം നടത്തിയതിനു ശേഷം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ കണ്ടെത്തി അളന്നു തിട്ടപ്പെടുത്തി റിപ്പോർട്ട് ചെയ്യുന്നതിന് പത്രപരസ്യം മുഖേന പഞ്ചായത്ത് യോഗ്യരായ (ഐ.ടി.ഐ-എഞ്ചിനീയറിങ് ഡിപ്ലോമയുള്ളവർ) 22 പേരെ കണ്ടെത്തി താൽക്കാലികമായി നിയമിച്ചു. ഇത്തരത്തിൽ സാങ്കേതിക വൈദഗ്ധ്യമുള്ള ജീവനക്കാരെ രണ്ട് പേരടങ്ങുന്ന 11 ഗ്രൂപ്പുകളായി തിരിച്ച്, ഗ്രൂപ്പ് ഒന്നിന് ഒരു ഡാറ്റയ്ക്ക് 50/-രൂപ നിരക്കിൽ വേതനം അനുവദിച്ച് നൽകുന്നതിനായി 7,00,000/- (ഏഴ് ലക്ഷം) രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് (14/06/2022 തീയതിയിൽ നടന്ന സാധാരണയോഗത്തിലെ 10/1 നമ്പർ തീരുമാനപ്രകാരം). ടി ജീവനക്കാർക്ക് കെട്ടിട നികുതി സംബന്ധിച്ച് പഞ്ചായത്തിൽ ലഭ്യമായ അസസ്മെൻറ് രജിസ്റ്ററിന്റെ ആവശ്യമായ ഭാഗങ്ങൾ പ്രിൻറ് ചെയ്ത് നൽകുകയും. ടി വിവരങ്ങൾ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളുടെയും ഡാറ്റകൾ ഏകദേശം ഒന്നരമാസം കൊണ്ട് അളന്ന് പൂർത്തീകരിച്ച് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡാറ്റകൾ കംപ്യൂട്ടറിൽ ഡാറ്റ എൻട്രി ചെയത് ടി ഡാറ്റകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് നോട്ടീസ് തയ്യാറാക്കി ഇവ അയൽസഭ വഴി ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് വിതരണം നടത്തുകയും ചെയ്തു. നോട്ടീസ് ലഭിച്ച കെട്ടിടയുടമകളിൽ നിന്നും വെറും 45 ശതമാനം മാത്രമാണ് തിരിച്ചു ലഭ്യമായത് എന്ന് ബന്ധപ്പെട്ട സെക്ഷൻ അറിയിച്ചു. ഇതിൽ നിന്നു തന്നെ റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 12,20,383/- രൂപയും, വസ്തു നികുതി ഇനത്തിൽ 3,10,000/- രൂപയും അടക്കം ആകെ 15,30,383/- രൂപ ഇതിനോടകം തന്നെ പിരിച്ചെടുത്തിട്ടുണ്ട്. പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ മാത്രമാണ് ഈ പദ്ധതിയുടെ ഭാഗമാക്കിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്. പ്രസ്തുത പ്രവൃത്തി പൂർത്തിയാകുമ്പോൾ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഏകദേശം 25 ലക്ഷം രൂപ വീതം തനത് വരുമാനം വർദ്ധിക്കും എന്നാണ് അനുമാനിക്കുന്നത്. ചങ്ങരോത്ത് പഞ്ചായത്തിന്റെ ഈ പദ്ധതി വിജയകരമാക്കുന്നതിന് പിന്നിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും താൽക്കാലിക ജീവനക്കാരുടെയും കഠിന പ്രയത്നം പ്രശംസാവഹവും മറ്റു പഞ്ചായത്തുകൾക്കും മാതൃകയാക്കാവുന്നതാണ്.

## 1-14 തൊഴിൽ നികുതി അപാകതകൾ

### (1) വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, ഉപവകുപ്പ് (1) ബി പ്രകാരം ആകെക്കൂടി

അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ഏന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കുന്നവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഉദാഹരണമായി ന്യൂബിൽഡിംഗ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പ്രകാരം ശ്രീ. അബൂബക്കർ (കുഞ്ഞസ്സൻകണ്ടി, പന്തിരിക്കര, ആവടുക്ക-673528), ശ്രീമതി.അനിഷ്മ.കെ.പി (കുഞ്ഞിപ്പറമ്പിൽ, പാലേരി-673508) എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി രണ്ട് കെട്ടിടങ്ങളാണ് യഥാക്രമം 8/370 H To M. വരെയുള്ളതും, 3/71 B To J വരെയുള്ളതും. പ്രസ്തുത കെട്ടിടങ്ങൾ ഉടമസ്ഥൻ വാടകയ്ക്ക് നൽകി വരുമാനം ആർജ്ജിക്കുന്നുണ്ടെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ് പ്രസ്തുത വരുമാനത്തിനനുസൃതമായി കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതു പോലെയുള്ള മറ്റ് കെട്ടിടങ്ങൾ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി തൊഴിൽ നികുതിയുടെ ഡിമാന്റ് വർദ്ധിപ്പിക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

2) ഡോക്യുമെന്റ് റൈറ്റേഴ്സ് , അഡ്വക്കേറ്റ്സ് എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയ ിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 204, ഉപവകുപ്പ് (1) ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ഏന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട ഡോക്യുമെന്റ് റൈറ്റേഴ്സ്, അഡ്വക്കേറ്റ്സ് എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) റേഷൻ കടകളിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയില്ല

സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ചങ്ങരോത്ത് പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന റേഷൻ കടകളിലെ തൊഴിലാളികളിൽ നിന്നോ, ടി സ്ഥാപനത്തിൽ നിന്നോ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ

നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തി തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം സെക്രട്ടറിയ്ക്ക് ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ, കൈവശക്കാരനോടോ, ഹോട്ടൽ, ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിലോ മുറിയിലോ താമസിക്കുന്നവരെ കുറിച്ചും അവരുടെ തൊഴിലിനേയോ ഉദ്യോഗത്തേയോ കലയെയോ സംബന്ധിച്ചും വാടകയെക്കുറിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. പഞ്ചായത്തിന് അർഹതപ്പെട്ട മുഴുവൻ സ്രോതസ്സിൽ നിന്നും തൊഴിൽ നികുതിയുടെ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1-15 സ്ഥിര നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്ത പലിശ ലഭിക്കുന്നില്ല

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, നിക്ഷേപ രസീതുകൾ എന്നിവ പ്രകാരം പരിശോധിച്ചപ്പോൾ ചങ്ങരോത്ത് സർവീസ് കോപ്പറേറ്റീവ് ബാങ്കിലെ 10 ഫിക്സഡ് ഡെപ്പോസിറ്റുകൾക്കും വാഗ്ദാനം ചെയ്ത പലിശ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | നിക്ഷേപ രശീത്/ സർട്ടിഫിക്കറ്റ് നമ്പർ | നിക്ഷേപം നടത്തിയ തീയതി | നിക്ഷേപ കാലാവധി അവസാനിക്കുന്ന തീയതി | നിക്ഷേപിച്ച തുക | പലിശ നിരക്ക് | വാഗ്ദാനം ചെയ്ത നിരക്കിൽ തിരികെ ലഭിക്കേണ്ട പലിശ |
|---|---|---|---|---|---|---|---|
| 1 | ചങ്ങരോത്ത് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 0102009866 | 13.03.21 | 13.03.22 | 5,00,000 | 7.25 | 36,250 |
| 2 | | 0102009867 | 13.03.21 | 13.03.22 | 5,00,000 | 7.25 | 36,250 |
| 3 | | 0102009868 | 13.03.21 | 13.03.22 | 5,00,000 | 7.25 | 36,250 |
| 4 | | 0102009869 | 13.03.21 | 13.03.22 | 5,00,000 | 7.25 | 36,250 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | | 0102009870 | 13.03.21 | 13.03.22 | 5,00,000 | 7.25 | 36,250 |
| 6 | | 0102009871 | 13.03.21 | 13.03.22 | 5,00,000 | 7.25 | 36,250 |
| 7 | | 0102009872 | 13.03.21 | 13.03.22 | 5,00,000 | 7.25 | 36,250 |
| 8 | | 0102009873 | 13.03.21 | 13.03.22 | 5,00,000 | 7.25 | 36,250 |
| 9 | | 0102009874 | 13.03.21 | 13.03.22 | 5,00,000 | 7.25 | 36,250 |
| 10 | | 0102009875 | 13.03.21 | 13.03.22 | 5,00,000 | 7.25 | 36,250 |
| | | | | | | | 3,62,500 |

2021-22 വർഷത്തിൽ 10 സ്ഥിരനിക്ഷേപങ്ങൾക്കും വാഗാദാനം ചെയ്ത 7.25 ശതമാനം പലിശ നിരക്കിൽ 3,62,500/- രൂപയാണ് ലഭിക്കേണ്ടിയിരുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 2021-22 വർഷത്തിൽ ഫിക്സഡ് ഡെപ്പോസിറ്റ് പലിശയിനത്തിൽ 3,31,990/- രൂപയാണ് വരവ് കാണിച്ചിട്ടുള്ളത്. അതായത് പലിശയിനത്തിലെ വരവിൽ 30,510/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ നിക്ഷേപിച്ച തീയതി, നിക്ഷേപ കാലയളവ്, തുക, കാലയളവ് പൂർത്തിയാകുന്ന തീയതി, പലിശ നിരക്ക്, ലഭിച്ച പലിശ, പുതിക്കിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വാഗാദാനം ചെയ്ത 7.25 ശതമാനം പലിശ 10 ഫിക്സഡ് ഡെപ്പോസിറ്റുകളിലും ലഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 പദ്ധതി രൂപീകരണത്തിലെ അപാകത സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് 17.2.21 ന് തയ്യാറാക്കി യിട്ടുള്ള അന്തിമ പദ്ധതിരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 1. 136/21-22. പൂമരം വഞ്ചിപ്പാറ റോഡ്. | 400000 | 398820 |

| | | |
|---|---|---|
| 2. 142/21-22. കടിയങ്ങാട് കല്ലൂർ റോഡ്. | 400000 | 398907 |
| 3. 137/21-22.വെള്ളച്ചാൽ ഒറ്റക്കണ്ടം റോഡ്. | 450000 | 424642 |
| 4. 139/21-22.എം.യു.പി.സ്കൂൾ മണൽക്കുന്ന് റോഡ്. | 450000 | 15041 |
| 5. 70/21-22. മുണ്ടക്കുറ്റി റോഡ് | 509000 | 497856 |

അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പദ്ധതികൾ നടപ്പിലാക്കിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ഗ്രാമസഭകളിലെയും, വർക്കിങ്ങ് ഗ്രൂപ്പുകളിലെയും, വികസന സെമിനാറിലെയും ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികളായിരിക്കും അന്തിമ പദ്ധതി രേഖയുടെ ഭാഗമാക്കി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കേണ്ടത്. ഗ്രാമസഭയെ മറികടന്ന് പദ്ധതികൾ നടപ്പിലാക്കുന്നത് ജനകീയാസൂത്രണത്തിന്റെ അന്തസ്സത്തയ്ക്ക് എതിരാണ്. മേൽ അപാകത ഭരണസമതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-17 പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിക്കുന്നില്ല.

പ്രോജക്റ്റ് നമ്പർ . 112/21-22 (SO)

പ്രോജക്റ്റ് : മേനിക്കണ്ടി അങ്കണവാടി ടോയ്‌ലെറ്റ് റിപ്പയർ

അടങ്കൽതുക : 150000/-

ചെലവ് തുക- 92289

എം.ബുക്ക് : 362/21-22

പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയ പരിധി: 3 മാസം

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ 21-22 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച പൊതുമരാമത്ത് പ്രവർത്തിയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി ആരംഭിക്കാത്ത കേസുകളിൽ ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മേൽ പൊതുമരാമത്ത്

പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ പ്രവൃത്തി നീട്ടിക്കൊണ്ടു പോയതായി കാണുന്നു. പ്രസ്തുത അവസരത്തിൽ കരാറുകാരനെതിരെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുശാസിക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ വിശദാംശം ചുവടെ:

| | പ്രവൃത്തി സംബന്ധിച്ച നടപടികൾ | തിയ്യതി |
|---|---|---|
| 1 | ടെണ്ടർ | 19.1.21 |
| 2 | ഭരണസമിതി ടെണ്ടർ അംഗീകരിച്ചത് | 22.1.21 |
| 3 | സെലക്ഷൻ നോട്ടീസ് | 25.1.21 |
| 4 | എഗ്രിമെന്റ് വെച്ചത് | 8.2.21 |
| 5 | സൈറ്റ് കൈമാറിയത് | 8.2.21 |
| 6 | പ്രവൃത്തി ആരംഭിച്ചത് | 3.1.22 എം.ബുക്ക് 362/21-22പേജ് നമ്പർ 1) |

കരാർ വ്യവസ്ഥകൾ പ്രകാരം കരാറുടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടക്കുന്നതിനായി സ്ഥലം ഏറ്റുവാങ്ങുകയും സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ കരാർ പ്രകാരവും, മാന്വൽ പ്രകാരവും ഉള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു .

അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. സമയപരിധി പാലിക്കാതെ പ്രവൃത്തി നീട്ടിക്കൊണ്ടു പോകുന്നതുവഴി പദ്ധതി സ്പിൽ ഓവറാവാനും അതുവഴി പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാവുന്നതിൽ കാലതാമസം നേരിടുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 സ്പിൽ ഓവർ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല.

ചങ്ങരോത്ത് പഞ്ചായത്തിലെ 2021-22 ചെലവ് പത്രിക, വിവിധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ ലക്ഷ്യം കൈവരിയ്ക്കാതെ ഉപേക്ഷിച്ചതായി കാണുന്നു. 20-21 വർഷത്തിൽ സ്പിൽ ഓവർ ആയി വന്നിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ 21-22

വർഷവുംനടപ്പിലാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു

| പ്രോജ. നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 132/21-22 | എം.സി.എഫ്.ഷെഡ് നിർമ്മാണം | 302200 | ധനകാര്യകമ്മീഷൻ അവാർഡ്. |
| 89/21-22 | പകൽവീട് നിർമ്മാണം | 55000 | വി. ഫണ്ട് -50000<br>തനത് ഫണ്ട്-5000 |
| 108/21-22 | കമ്മ്യൂണിറ്റി ഹാൾ സംരക്ഷണ മതിൽ നിർമ്മാണം | 300000 | തനത് ഫണ്ട് |
| 91/21-22 | പി.എച്ച്.സി. ചങ്ങരോത്ത് അടിസ്ഥാന സൗകര്യം | 499000 | മെ.ഫണ്ട് (നോൺറോഡ്) |
| 93/21-22 | വടക്കുമ്പാട് G.L.P. സ്കൂൾ കിണർ ആഴം കൂട്ടി നവീകരിക്കൽ | 100000 | ധനകാര്യകമ്മീഷൻ അവാർഡ്. |
| 101/21-22 | മുതുവണ്ണാച്ച ജി. എൽ.പി. എസ്സ്. കുന്നോത്ത് വയൽ റോഡ് | 5892 | ധനകാര്യകമ്മീഷൻ അവാർഡ് |
| 106/21-22 | ചെറിയ കുമ്പളം | 300000 | മെയി.ഫണ്ട്. |

| | | | |
|---|---|---|---|
| | ജി.എൽ.പി. സ്കൂൾ മുകൾ നില ഷീറ്റിടൽ | | (നോൺ റോഡ്) |

അതാത് വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട പ്രോജക്ടുകൾ സ്പിൽ ഓവർ ആവുന്നതിന്റെയും ഇതേ പ്രോജക്ടുകൾ തുടർ വർഷങ്ങളിലും നടപ്പിലാക്കാത്തതിന്റയും കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും, നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും അതിന്റെ പരിധിയിൽ വരുന്ന വർക്കിങ്ങ് ഗ്രൂപ്പുകളുടെയും വിദഗ്ദരടങ്ങിയ സബ് കമ്മിറ്റികളുടയും രൂപീകരണം, ചുമതലകളും ഉത്തരവാദിത്തങ്ങളും എന്നിവ കേരള പഞ്ചായത്ത് രാജ് നിയമം 162, 163, 164 വകുപ്പുകൾ പ്രകാരവും 2017-2022 കാലത്തെ 13ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും വ്യക്തമാക്കിയിട്ടുള്ളതാണ്. വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, വികസന ലക്ഷ്യങ്ങളും പ്രോജക്ട് ആശയങ്ങളും എന്നീ രീതിയിൽ വിശദമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ വർക്കിങ്ങ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഓരോ മേഖലയിലെയും പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടത്. പദ്ധതികൾ നടപ്പിലാക്കാതെ പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്

## 1-19 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയില്ല

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ (ടെണ്ടർ ഫോറം വില) നിലവിൽ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടപ്പെടുന്നില്ല. ഇ-ടെണ്ടർ ഫീ ഫയൽ പരിശോധിച്ചതിൽ 2021-22 വർഷത്തിൽ 5 പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടികൾ കൈകൊണ്ടതായി കാണുന്നു. പഞ്ചായത്തിൽ അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ അക്കൗണ്ട്നം. 37742239860 - S.B.I പേരാമ്പ്ര) ഇ ടെണ്ടർ ഇനത്തിൽ 2,08,393/- രൂപ വരവ് വന്നതായി കാണുന്നു. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. നാളിതുവരെ ഇ-ടെണ്ടർ ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ടെണ്ടർ ഫീ ഇനത്തിലെ വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-20 പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | 61/2021-22 (പൗരാവകാശരേഖ പ്രസിദ്ധീകരണം) |
| അടങ്കൽ | 1,70,000/- [തനത് ഫണ്ട് ] |
| ചെലവ് | 72,000/- |

| | |
|---|---|
| | [സാംഖ്യ ബിൽ നം. 365/21-22 തീയതി 31.03.2022] |
| നിർവ്വഹണം | സെക്രട്ടറി |

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ പൗരാവകാശരേഖ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിനായി മേൽപറഞ്ഞ പ്രകാരം 72,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. അച്ചടിച്ച പകർപ്പുകൾ സ്റ്റോക്കിലെടുക്കുകയോ, വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/2021-22 തീയതി 13.12.2022) സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കിയിട്ടുണ്ട് എന്നാണ് മറുപടി ലഭിച്ചിട്ടുള്ളത്. അതുപ്രകാരം പൗരാവകാശരേഖയുടെ 2000 പകർപ്പുകൾ സ്റ്റോക്കിലെടുത്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പകർപ്പുകൾ അച്ചടിച്ച് കിട്ടിയ സമയത്ത് സ്റ്റോക്കിലെടുത്ത് രേഖപ്പെടുത്തൽ വരുത്തുന്നതിന് പകരം ഓഡിറ്റിൽ അപാകത സൂചിപ്പിച്ചപ്പോൾ മാത്രം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയത് ശരിയായ നടപടിയല്ല. കൂടാതെ സ്റ്റോക്കിലെടുത്ത പകർപ്പുകൾ എപ്രകാരം വിതരണം ചെയ്തുവെന്നത് സംബന്ധിച്ച രേഖകളും ശേഷിക്കുന്ന പകർപ്പുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 72,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അച്ചടിച്ച പകർപ്പുകൾ വിതരണം ചെയ്തത് സംബന്ധിച്ച രേഖകളും, വിതരണത്തിന് ശേഷം ബാക്കിയുള്ള പകർപ്പുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-21 കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്കുകൾ - പ്രവൃത്തി പൂർത്തീകരണ വിവരമില്ല

2021-22 സാമ്പത്തിക വർഷം വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡിന് മുൻകൂർ തുക നൽകിയതിൽ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് | ബിൽ നം./ തീയതി | തുക | പ്രവൃത്തി നടത്തിപ്പ് |
|---|---|---|---|---|
| 1 | 154/2021-22 പാറച്ചാലിൽ കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ - കെ.എസ്.ഇ.ബി ക്ക് തുക അടവാക്കൽ | 187/21-22 തീയതി 21.01.2022 | 41,470 | അസിസ്റ്റന്റ് എഞ്ചിനീയർ , കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, ചക്കിട്ടപ്പാറ |

| | | | | |
|---|---|---|---|---|
| 2 | 157/2021-22 സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ - കെ.എസ്.ഇ.ബി ക്ക് തുക അടവാക്കൽ | 360/21-22 തീയതി 31.03.2022 | 7,16,856 | അസിസ്റ്റന്റ് എഞ്ചിനീയർ , കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, ചക്കിട്ടപ്പാറ |
| | | | 7,58,326 | |

മേൽ പ്രവൃത്തികളുടെ തൽസ്ഥിതിയും ആയവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സ്വീകരിച്ച നടപടികളും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/2021-22 തീയതി 13.12.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികൾക്ക് വേണ്ടി മുൻകൂറായി നൽകിയ ആകെ തുക 7,58,326/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 സ്ട്രീറ്റ് മെയിൻ ലൈൻ വലിച്ചിട്ടും സർവ്വീസ് കണക്ഷൻ എടുത്തില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ 157/2021-22 നമ്പർ പ്രോജക്റ്റിൽ (സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ - കെ.എസ്.ഇ.ബിക്ക് തുക അടവാക്കൽ) ഉൾപ്പെടുത്തി ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ പേരാമ്പ്ര നോർത്ത് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽപ്പെട്ട കടിയങ്ങാട് പാലം മുതൽ കയിമ്പിൽ വരെയും, പാലേരി മുതൽ ഒറ്റക്കണ്ടം റോഡ് വരെയും സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനും മീറ്ററിങ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് കൺട്രോളർ സ്ഥാപിക്കുന്നതിനുമായി 18.03.2022ലെ 288/21-22 നമ്പർ സാംഖ്യാ ബിൽ മുഖേന കേരള സംസ്ഥാന വൈദ്യുതി ബോർഡിന് 7,59,577/- രൂപ മുൻകൂറായി നൽകിയിരുന്നു.

മേൽ പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ച് പേരാമ്പ്ര നോർത്ത് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ലഭിച്ച 17.11.2022ലെ DB/ES/PBA North/2022-2/49 നമ്പർ കത്തിൽ പ്രസ്തുത ലൈനിൽ സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് യഥാർത്ഥ ഉപയോഗം കണക്കാക്കി ബിൽ ചെയ്യണമെങ്കിൽ പുതിയ വൈദ്യുതി കണക്ഷൻ എടുക്കേണ്ടതാണെന്നും, അതിനായി മീറ്ററിങ് സംവിധാനത്തോട് കൂടിയ 11 ഓട്ടോമാറ്റിക്ക് കൺട്രോളുകളിലും പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നതിനാവശ്യമായ അപേക്ഷ കെ.എസ്.ഇ.ബിക്ക് സമർപ്പിക്കണമെന്നും അറിയിച്ചിരുന്നു. എന്നാൽ അതു പ്രകാരം പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ ഓഡിറ്റ് തീയതിയിൽ 2 ആഴ്ച കഴിഞ്ഞിട്ടും സ്വീകരിച്ചിട്ടില്ല. കൂടാതെ പുതുതായി വലിച്ച സ്ട്രീറ്റ് മെയിനിൽ സ്ട്രീറ്റ് ലൈറ്റുകൾ ഘടിപ്പിച്ചതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. അപാകത സൂചിപ്പിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/2021-22 തീയതി 13.12.2022) മറുപടി ലഭിച്ചിട്ടില്ല.

കെ.എസ്.ഇ.ബിയിൽ നിന്ന് നിർദ്ദേശിച്ച പ്രകാരം പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി സ്ട്രീറ്റ് ലൈറ്റുകൾ ഘടിപ്പിച്ചതിന്റെയും വിവരം സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 വയോജനങ്ങൾക്ക് കട്ടിൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | 42/2021-22 (വയോജനങ്ങൾക്ക് കട്ടിൽ) |
| അടങ്കൽ | 4,00,000/- (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 3,99,973/- ( സാംഖ്യാ ബിൽ നം. 221/21-22 തീയതി 06.02.2022) |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്റ്റിൽ ഉൾപ്പെടുത്തി 95 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. 198 സെ.മീ നീളത്തിലും, 90 സെ.മീ വീതിയിലും മരത്തടിയിൽ നിർമ്മിച്ച് 8മി.മി കനമുള്ള പ്ലൈവുഡ് ഉറപ്പിച്ചിട്ടുള്ള കട്ടിലുകൾ 4,210.24/-രൂപ നിരക്കിൽ 'കാഡ്കോ' യിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. 07.11.2019ലെ സ.ഉ (സാധാ)നം. 47/2019/എസ്.പി.ഡി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കാഡ്കോയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ മര ഉരുപ്പടികൾ വാങ്ങിക്കുന്നതിനുള്ള അനുമതി 19.102020 വരെ മാത്രമേ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളൂ. പ്രസ്തുത തീയതിക്ക് ശേഷമാണ് കാഡ്കോയിൽ നിന്ന് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. അനുമതിയുള്ള കാലയളവിൽ പോലും 20.10.2017ലെ സ.ഉ (സാധാ)നം. 60/2017/എസ്.പി.ഡി നമ്പർ ഉത്തരവ് പ്രകാരമുള്ള വിലവിവര പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉരുപ്പടികൾ മാത്രമേ കാഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങിക്കുവാൻ പാടുള്ളൂ എന്ന് 07.11.2019ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ പ്രോജക്റ്റ് പ്രകാരം വാങ്ങിയിട്ടുള്ള കട്ടിലുകൾ സർക്കാർ അംഗീകരിച്ചിട്ടുള്ള വിലവിവര പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതല്ല.
2. ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വിതരണം ചെയ്തത് സംബന്ധിച്ച രജിസ്റ്ററിൽ 2ാം വാർഡിലെ 6 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള കട്ടിലുകൾ കൈപ്പറ്റിയതായി ഒപ്പ് വച്ചിട്ടുള്ളത് ഒരാൾ തന്നെയാണ് (രജിസ്റ്റർ പേജ് നം. 32 -ൽ ക്രമ നം. 3 മുതൽ 8 വരെ). അതു പോലെ 4ാം വാർഡിലെ 4 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള കട്ടിലുകൾ കൈപ്പറ്റിയതായി ഒപ്പു വച്ചിട്ടുള്ളതും ഒരാളാണ്

(രജിസ്റ്റർ പേജ് നം. 32ൽ ക്രമ നം. 16 മുതൽ 19 വരെ). ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം | വാർഡ് നം | ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 3 | 2 | കമലാക്ഷി അമ്മ, മാവുള്ള പറമ്പിൽ |
| 4 | 2 | ലക്ഷ്മി അമ്മ, ഒതയോത്ത് |
| 5 | 2 | ജോൺസൺ, കായതിരിക്കൽ |
| 6 | 2 | ആയിഷ, മേമണ്ണിൽ |
| 7 | 2 | മറിയം കെ.പി, ആനേരി |
| 8 | 2 | ഓമന അമ്മ, C/o ചാത്തുക്കുട്ടി നായർ |
| 16 | 4 | ഒതേനൻ, അച്ചവീട്ടുമ്മൽ |
| 17 | 4 | കുഞ്ഞിരാമൻ, ചരിത്രംകണ്ടി |
| 18 | 4 | കുഞ്ഞിരാമൻ, അച്ചംവീട്ടുമ്മൽ |
| 19 | 4 | അമ്മത് (മൊയ്തു), കൊല്ലംകണ്ടി |

മേൽപറഞ്ഞവർക്ക് അനുവദിച്ച കട്ടിലുകൾ കൈപ്പറ്റിയിട്ടുള്ള ആളുകളുടെ പേരോ, അവരെ അതിന് ചുമതലപ്പെടുത്തിയത് ആരാണെന്നോ വ്യക്തമല്ല. ആയതിനാൽ മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് കട്ടിലുകൾ ലഭിച്ചു എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/2021-22 തീയതി 13.12.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 3,99,973/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും ബത്തയും യഥാസമയം നൽകുന്നതിൽ വീഴ്ച.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ

ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ വിഹിതം വികസനഫണ്ടിൽ നിന്ന് നിർബന്ധമായും നീക്കിവയ്ക്കണമെന്ന് 29.01.2018ലെ സ.ഉ (കൈ) 11/2018/ തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനയർഹിക്കുന്ന ഇവർക്ക് എ.പി.എൽ/ബി.പി.എൽ വേർതിരിവില്ലാതെ 100% സഹായം നൽകുന്നതിനായി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഒറ്റയ്ക്കോ സംയുക്തമായോ പ്രൊജക്റ്റ് തയ്യാറാക്കാവുന്നതാണെന്ന് 14.02.2018ലെ സ.ഉ(കൈ) 22/2018/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളുമായി ചേർന്ന് എല്ലാ വർഷവും സംയുക്ത പ്രൊജക്റ്റ് തയ്യാറാക്കുന്നുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് തുക അതത് വർഷം തന്നെ പൂർണ്ണമായി നൽകുന്നില്ല. 2020-21, 2021-22 വർഷങ്ങളിൽ ഇത്തരത്തിൽ ആവിഷ്കരിച്ച പ്രൊജക്റ്റുകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| 2020-21 വർഷത്തെ ഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ച പ്രോജക്റ്റ് | | | | |
|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ആകെ |
| പ്രോജക്റ്റ് നം 22/20-21 | | | | |
| അടങ്കൽ | 8,00,000 | 4,00,000 | 4,00,000 | 16,00,000 |
| ചെലവ് | 8,00,000 | 2,10,000 | 4,00,000 | 14,10,000 |
| പ്രോജക്റ്റ് പൂർത്തികരിക്കുന്നതിനായി 2021-22ൽ ആവിഷ്കരിച്ച സ്പിൽ ഓവർ പ്രോജക്റ്റ് പ്രോജക്റ്റ് നം SO 22/20-21 | | | | |
| അടങ്കൽ | 6,87,200 | -- | -- | 6,87,200 |
| ചെലവ് | 6,80,800 | -- | -- | 6,80,800 |
| 2020-21 ലെ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനായി 2020-21, 2021-22 | | | | 20,90,800 |

| | |
|---|---|
| വർഷങ്ങളിലായി ആകെ ചെലവാക്കിയ തുക | |

| 2021-22 വർഷത്തെ ഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ച പ്രൊജക്റ്റ് | | | | |
|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ആകെ |
| പ്രോജക്റ്റ് നം 05/21-22 | | | | |
| അടങ്കൽ | 20,80,025 | 6,00,000 | 7,48,358 | 34,28,383 |
| ചെലവ് | 12,00,000 | 60,000 | 6,00,000 | 18,60,000 |
| പ്രോജക്റ്റ് പൂർത്തികരിക്കുന്നതിനായി 2022-23 -ൽ ആവിഷ്കരിച്ച സ്പിൽ ഓവർ പ്രോജക്റ്റ് പ്രോജക്റ്റ് നം SO 48/22-23 | | | | |
| അടങ്കൽ | 8,80,025 | 5,40,000 | 1,48,358 | 15,68,383 |
| ചെലവ് | 6,26,400 | -- | -- | 6,26,400 |
| 2021-22 ലെ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനായി 2021-22, 2022-23 വർഷങ്ങളിലായി ആകെ ചെലവാക്കിയ തുക | | | | 24,86,400 |

ഭിന്നശേഷിക്കാരുടെ ഡേറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഗ്രാമപഞ്ചായത്തുകൾക്ക് സ്വീകരിക്കാവുന്നതാണെന്ന് 14.02.2018ലെ സ.ഉ (കൈ) 22/2018/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. ഭിന്നശേഷിക്കാരുടെ ഡേറ്റാബേസ് കൈവശമുണ്ടായിരുന്നെങ്കിൽ അവർക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ തുക പ്രോജക്റ്റ് ആവിഷ്കരിക്കുമ്പോൾ തന്നെ കൃത്യമായി തീർച്ചപ്പെടുത്താമായിരുന്നു. ഡേറ്റാബേസിന്റെ അഭാവത്തിൽ തൊട്ട് മുൻവർഷത്തെ ഗുണഭോക്താക്കളുടെ

വിവരം അടിസ്ഥാനമാക്കിയാൽ പോലും ഏകദേശ ചെലവ് തുക സംബന്ധിച്ച നിഗമനത്തിലെത്താമായിരുന്നെങ്കിലും യാതൊരു മാനദണ്ഡവുമില്ലാതെയാണ് ഗ്രാമപഞ്ചായത്ത് പ്രോജക്റ്റിന്റെ അടങ്കൽ നിശ്ചയിച്ചു വരുന്നത്. 2020-21ലെ 111 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 20,90,800/- രൂപയാണ് ചെലവ് വന്നത് എന്നിരിക്കെ 2021-22ൽ 106 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 34,28,383/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | സ്കോളർഷിപ്പ് നൽകുന്നതിനായി ആവിഷ്കരിച്ച പ്രൊജക്റ്റിന്റെ അടങ്കൽ | സ്കോളർഷിപ്പ് നൽകുന്നതിനായി യഥാർത്ഥത്തിൽ ചെലവായ തുക |
|---|---|---|---|
| 2020-21 | 111 | 16,00,000 | 20,90,800 |
| 2021-22 | 106 | 34,28,383 | 24,86,400 |

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തി തയ്യാറാക്കുന്ന സംയുക്ത പ്രോജക്റ്റുകളുടെ നിർവ്വഹണത്തെ സംബന്ധിച്ച് 29.01.2018ലെ സ.ഉ (കൈ) 11/2018/തസ്വഭവ നമ്പർ ഉത്തരവിന്റെ ഖണ്ഡിക 3.5.4ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്റ്റുകളിൽ പങ്കാളികളാകുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അതു സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കുന്ന യോഗത്തിൽ തീരുമാനിച്ച പ്രകാരം വിഹിതം വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കേണ്ടതാണെന്നും, പ്രോജക്റ്റുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുൻപ് ഒരു കരാറിൽ ഏർപ്പെടണമെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനായുള്ള സംയുക്ത പ്രോജക്റ്റുകൾ നടപ്പിലാക്കി വരുന്നത്. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ വിഹിതം വകയിരുത്തുന്നുണ്ടെങ്കിലും നിർവ്വഹണ സമയത്ത് ആയത് പൂർണ്ണമായി ഗ്രാമപഞ്ചായത്തിന് നൽകുന്നില്ല. ഓരോ വർഷത്തെയും സ്കോളർഷിപ്പ് വിതരണം പൂർത്തിയാക്കുന്നതിനായി തുടർവർഷങ്ങളിൽ ആവിഷ്കരിക്കുന്ന സ്പിൽ ഓവർ പ്രോജക്റ്റുകളിലേക്കാകട്ടെ അവർ ഒരു വിഹിതവും നൽകുന്നുമില്ല. ഇതു സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | വകയിരുത്തിയ ബ്ലോക്ക് | ലഭിച്ച ബ്ലോക്ക് | വകയിരുത്തിയ ജില്ലാ | ലഭിച്ച ജില്ലാ പഞ്ചായത്ത് |
|---|---|---|---|---|

| | പഞ്ചായത്ത് വിഹിതം | പഞ്ചായത്ത് വിഹിതം | പഞ്ചായത്ത് വിഹിതം | വിഹിതം |
|---|---|---|---|---|
| 22/20-21 | 4,00,000 | 2,10,000 | 4,00,000 | 4,00,000 |
| SO 22/20-21 | -- | -- | -- | -- |
| 05/21-22 | 6,00,000 | 60,000 | 7,48,358 | 6,00,000 |
| SO 48/22-23 | 5,40,000 | -- | 1,48,358 | -- |

കൃത്യമായ മാനദണ്ഡങ്ങളില്ലാതെ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കുന്നതും, അപ്രകാരം വകയിരുത്തുന്ന വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കാത്തതും മൂലം സ്കോളർഷിപ്പ് തുക അതത് വർഷം തന്നെ പൂർണ്ണമായി നൽകാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/2021-22 തീയതി 13.12.2022) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗമായ ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും ബത്തയും യഥാസമയം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 കലക്ടേർസ് @ സ്കൂൾ പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

2021-22 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ കലക്ടേർസ് @ സ്കൂൾ എന്ന പ്രൊജക്റ്റിൽ (പ്രൊജക്റ്റ് നം. 131/21-22) ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 1,22,400/- രൂപ ചെലവഴിച്ച് ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ ആറ് സ്കൂളുകൾക്ക് 4 വീതം വേസ്റ്റ് കലക്ഷൻ ബിന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ഒന്നിന് 5,100/- രൂപ നിരക്കിലാണ് വിതരണ ഏജൻസിയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പാലക്കാട് സ്കൂളുകളിൽ ബിന്നുകൾ സ്ഥാപിച്ചിട്ടുള്ളത്. ബിന്നുകൾ ലഭിച്ച സ്കൂളുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് |
|---|---|
| 1 | മുതുവണ്ണാച്ച ജി.എൽ.പി സ്കൂൾ |
| 2 | കുനിയോട് ജി.എൽ.പി സ്കൂൾ |
| 3 | കുന്നശ്ശേരി ജി.എൽ.പി സ്കൂൾ |

| | |
|---|---|
| 4 | ചങ്ങരോത്ത് ജി.എൽ.പി സ്കൂൾ |
| 5 | വടക്കുമ്പാട് ജി.എൽ.പി സ്കൂൾ |
| 6 | ചെറിയകുമ്പളം ജി.എൽ.പി സ്കൂൾ |

മാലിന്യം വേർതിരിച്ച് കൈമാറുന്ന ശീലം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുക, അതിലൂടെ വസ്തുക്കളുടെ പരമാവധി പുനരുപയോഗവും, പുന:ചക്രമണവും സാധ്യമാക്കി പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുന്ന ശുചിത്വ ശീലങ്ങൾ വിദ്യാർത്ഥികളിലൂടെ വീടിനും നാടിനും സമൂഹത്തിനും പകർന്ന് കൊടുക്കുക എന്നീ ലക്ഷ്യത്തോടെ ശുചിത്വമിഷന്റെ നിർദ്ദേശപ്രകാരമാണ് കലക്ടേർസ് @ സ്കൂൾ എന്ന പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 15.10.2019ലെ DSM/KKD/15/2019 നമ്പർ കത്തിലൂടെ ശുചിത്വമിഷൻ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. മാലിന്യ ശേഖരണം, അവ നിർമ്മാർജന ഏജൻസികൾക്ക് കൈമാറൽ , മേൽനോട്ടം തുടങ്ങിയ കാര്യങ്ങളെല്ലാം പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിൽ വിവരിച്ചിട്ടുണ്ട്.

ഓഡിറ്റ് സ്ഥലപരിശോധനയുടെ ഭാഗമായി 13.12.2022 ന് വടക്കുമ്പാട് ജി.എൽ.പി സ്കൂളിൽ സ്ഥാപിച്ച ബിന്നുകൾ നേരിൽ കാണുകയുണ്ടായി. ശുചിത്വമിഷന്റെ മാർഗ്ഗനിർദ്ദേശത്തിൽ വിവരിച്ച രീതിയിലല്ല പ്രസ്തുത സ്കൂളിൽ ബിന്നുകളും, അവയിൽ മാലിന്യ ശേഖരണവും നടന്നു വരുന്നത്. ബിന്നുകൾ സ്ഥാപിച്ചത് മുതലുള്ള അജൈവ മാലിന്യങ്ങൾ നാളിതുവരെ ഹരിതകർമ്മ സേനയൊ മറ്റ് ഏജൻസികളോ നീക്കം ചെയ്തിട്ടില്ല. അവ ചാക്കുകളിൽ കെട്ടി സമീപത്തായി മാറ്റി വച്ചിട്ടുണ്ട്. കടലാസ് മാലിന്യങ്ങൾ ബിന്നുകൾക്ക് അരികിൽ കൂട്ടിയിട്ട് കത്തിച്ചിട്ടുണ്ട്. പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്.

ബിന്നുകൾ ലഭിച്ചിട്ടുള്ള എല്ലാ സ്കൂളുകളും ശുചിത്വമിഷൻ മാർഗ്ഗനിർദ്ദേശ പ്രകാരം അവ കൈകാര്യം ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 ആട് ഗ്രാമം -വനിത – ഇൻകം ടാക്സ് ഈടാക്കിയില്ല

പ്രോജക്ട് നമ്പർ - 56/2021-22

അടങ്കൽ - 1152000

ചെലവ് - 8,04,000/- (വികസനഫണ്ട് - 4,02,000, ഗുണഭോക്തൃവിഹിതം -4,02,000)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം 67 ഗുണഭോക്താക്കൾക്ക് 6,000/- രൂപ വില വരുന്ന 2 പെണ്ണാടുകളെ വീതം വിതരണം ചെയ്തിട്ടുണ്ട്. 134 ആടുകളേയും, ശ്രീ.റിയാസ്.പി.പി, വടകര എന്നയാളുടെ പക്കൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. ആയതിന്റെ മൊത്തം വിലയായ, 8,04,000/-

രൂപ 8 ബില്ലുകളിലായി 2021-22 വർഷം നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ശ്രീ.റിയാസ്.പി.പി എന്നയാളുടെ ഒരു തിരിച്ചറിയൽ രേഖകളും ഫയലിൽ ലഭ്യമല്ല.

2. ബാങ്ക് അക്കൗണ്ടിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. 8,04,000/- രൂപ നൽകുമ്പോൾ, ഇതുമായി ബന്ധപ്പെട്ട് ഇൻകം ടാക്സ്, സേവനനികുതി എന്നിവ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-27 ഗ്രാമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം - ഫർണ്ണീച്ചർ വിതരണത്തിലും വാടക നൽകിയതിലും അവ്യക്തത

ഗ്രാമസേവാ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി സെക്രട്ടറി നിർവ്വഹണം നടത്തിയ 160/2021-22 നമ്പർ പ്രോജക്റ്റിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്ന് 1,06,920/- രൂപ ചെലവഴിച്ചിട്ടുണ്ട് [സാംഖ്യാ ബിൽ നം. 359/21-22 തീയതി 31.03.2022, 1,06,920/- രൂപ ].

ഗ്രാമകേന്ദ്രങ്ങളിലേക്കായി 2 മേശയും 50 ഫൈബർ കസേരകളും വാങ്ങി നൽകിയതിനാണ് ഇതിൽ 34,920/- രൂപ ചെലവഴിച്ചിട്ടുള്ളത്. ക്വട്ടേഷൻ മുഖേന കുറ്റ്യാടിയിലെ ക്വാളിറ്റി ഫർണ്ണിച്ചർ വേൾഡ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ കസേരകളും മേശകളും (ഇൻവോയ്സ് നം. 548/30.03.2022) സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അവ ഏതെല്ലാം ഗ്രാമകേന്ദ്രങ്ങളിലേക്ക് എത്രയെണ്ണം വീതം വിതരണം ചെയ്തു എന്നതിന് രേഖകളൊന്നുമില്ല.

8ാം വാർഡിലെ ഗ്രാമകേന്ദ്രമായി പ്രവർത്തിക്കുന്ന കെട്ടിടത്തിന് പ്രതിമാസം 6,000/- രൂപ തോതിൽ 12 മാസത്തെ വാടകയായി 72,000/- രൂപ നൽകുന്നതിനാണ് ശേഷിക്കുന്ന തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഏത് മാസം മുതലാണ് കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ളതെന്ന് വ്യക്തമല്ല. ഗ്രാമകേന്ദ്രത്തിന് വാടക നിശ്ചയിച്ച് കൊണ്ട് ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയർ വാല്വേഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് 29.03.2022നാണ്. കെട്ടിട ഉടമയുമായി ഗ്രാമപഞ്ചായത്ത് ഒപ്പു വച്ചിട്ടുള്ള വാടകക്കരാർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാടക നിശ്ചയിക്കുന്നതിന് മുൻപേ കെട്ടിടം കൈമാറിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

വാടക കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുള്ള 31.03.2022 ലെ 5102301/522/2022 ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പ്രകാരം സെക്രട്ടറി, സുന്നി സർവ്വീസ് സെന്റർ, പന്തിരിക്കര എന്നവരുടെ ഉടമസ്ഥതയിലുള്ളതും ഗ്രാമകേന്ദ്രത്തിനായി വാടകയ്ക്കെടുത്തിട്ടുള്ളതുമായ കെട്ടിടം 8ാം വാർഡിലാണ്

ഉള്ളത് (കെട്ടിട നമ്പർ 8/271ഡി). എന്നാൽ എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്വേഷൻ റിപ്പോർട്ടിൽ കെട്ടിടം 6ാം വാർഡിൽ സ്ഥിതി ചെയ്യുന്നു എന്നാണ് കാണിച്ചിട്ടുള്ളത്. ഇതു മൂലം വാടകയ്ക്കെടുത്ത കെട്ടിടത്തിന് തന്നെയാണോ വാടക നിശ്ചയിച്ചിട്ടുള്ളത് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/2021-22 തീയതി 13.12.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ആകെ ചെലവു തുക 1,06,920/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 മുൻകൂറായി വില നൽകിയിട്ടും കമ്പ്യൂട്ടറുകളും പ്രിന്ററുകളും ലഭിച്ചില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകളിൽ ഉൾപ്പെടുത്തി സി.പി.ആർ.സി.എസ് മുഖേന കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങുന്നതിനായി കെൽട്രോണിന് മുൻകൂറായി തുക നൽകിയിട്ടുണ്ടെങ്കിലും താഴെ പറയുന്നവ നാളിതുവരെ ലഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് | സാംഖ്യാ ബിൽ നം/തീയതി | ലഭിക്കാത്തവ | ലഭിക്കാത്തവയുടെ വില |
|---|---|---|---|---|
| 1 | 20/2021-22 (കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ, കമ്പ്യൂട്ടർ റാക്ക് വാങ്ങൽ) | 263/21-22 തീയതി 25.02.2022 (1,56,116/- രൂപ) | 2 പ്രിന്ററുകൾ | 12,953x2 =25,906 |
| 2 | SO 125/2021-22 (പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും സേവനം മെച്ചപ്പെടുത്തലും) | 285/21-22 തീയതി 16.03.2022 (1,19,391/- രൂപ) | 3 കമ്പ്യൂട്ടറുകൾ | 39,797x3 =1,19,391 |
| ആകെ | | | | 1,45,297 |

ലഭിക്കാനുള്ള കമ്പ്യൂട്ടറുകൾക്കും പ്രിന്ററുകൾക്കുമായി നൽകിയ മുൻകൂർ വിലയായ 1,45,297/- രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടറുകളും പ്രിന്ററുകളും അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രോജക്റ്റ് നമ്പർ - 60/21-22

നിർവഹണം - മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

പ്രോജക്റ്റിന്റെ പേര് - കുടുംബാരോഗ്യകേന്ദ്രം മരുന്ന് വാങ്ങൽ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (നോൺറോഡ്)

അടങ്കൽ - 3,50,000

ചെലവ് - 3,49,999 ( ബിൽ നമ്പർ - 26/2021-22 , തീ - 03.02.2022 )

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവഹണം നടത്തിയ കുടുംബാരോഗ്യകേന്ദ്രം മരുന്ന് വാങ്ങൽ പദ്ധതിയിൽ പ്രൊഫോർമ്മ ഇൻവോയ്സ് നം. PRF-5204, തീ-28.01.2022 പ്രകാരം 3,49,999/- രൂപ മുൻകൂറായി കേരള മെഡിക്കൽ സർവീസസ് കോപ്പറേഷൻ, തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് മരുന്നുകൾ വാങ്ങാനായി 02.02.2022 ന് നല്കിയിട്ടുണ്ട്. എന്നാൽ 27,766/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകാനുണ്ട്.

ബാക്കി മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്റ്റ് : പാലിയേറ്റിവ് ഹോം കെയർ മരുന്ന് ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്റ്റ് നമ്പർ : 34/2021-22

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ 6,04,781/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നമ്പർ | തീയതി | തുക | ഫണ്ട് |
|---|---|---|---|---|
| 1 | 2/21-22 | 27.05.2021 | 51,133 | വികസനഫണ്ട് (ജനറൽ) |
| 2 | 3/21-22 | 16.06.2021 | 39,948 | |

| | | | | |
|---|---|---|---|---|
| 3 | 5/21-22 | 09.07.2021 | 44,680 | |
| 4 | 10/21-22 | 10.09.2021 | 47,535 | |
| 5 | 13/21-22 | 30.09.2021 | 37,665 | |
| 6 | 14/21-22 | 12.10.2021 | 37,745 | |
| 7 | 19/21-22 | 09.11.2021 | 40,421 | |
| 8 | 20/21-22 | 03.12.2021 | 41,892 | |
| 9 | 24/21-22 | 07.01.2022 | 43,433 | |
| 10 | 27/21-22 | 03.02.2022 | 49,977 | |
| 11 | 28/21-22 | 03.03.2022 | 41,295 | |
| 12 | 30/21-22 | 15.03.2022 | 86,000 | |
| 13 | 31/21-22 | 07.03.2022 | 43,057 | |
| ആകെ | | | 6,04,781 | |

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ(സാധാ) നം.553/2019/തസ്വഭവ തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ.2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിനും മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി(മെഡിക്കൽ ഓഫീസർ-പി.എച്ച്.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പരിശോധനയ്ക്ക് ഹാജരാക്കിയ മിനിട്സ് ബുക്ക് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2021-22 വർഷത്തിൽ 30.03.2022 ന് മാത്രമാണ് യോഗം ചേർന്നത്. ഇതിൽ പ്രവർത്തനാവലോകനം നടത്തുകയുണ്ടായെങ്കിലും വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. .ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ യോഗം ചേരാത്തതിനും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങാത്തതിനും വിശദീകരണം നൽകേണ്ടതാണ് .

1-31 അജൈവഖരമാലിന്യ നിർമ്മാർജ്ജനം - അപാകതകൾ

അജൈവഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കുന്ന ഹരിതകർമ്മസേനയക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ആവശ്യമായ പിന്തുണ ലഭിക്കുന്നില്ല. 19 വാർഡുകളുള്ള ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ 36 അംഗ ഹരിതകർമ്മ സേനയാണ് രൂപീകരിച്ചിട്ടുള്ളത്. അവർക്ക് സുരക്ഷാ ഉപകരണങ്ങളോ മറ്റ് സംവിധാനങ്ങളോ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. കൂടാതെ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തി സംബന്ധിച്ചും, കണക്കുകളുടെ സൂക്ഷിപ്പ് സംബന്ധിച്ചും ഇവർക്ക് പരിശീലനമൊന്നും നൽകിയിട്ടില്ല. ഇവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹരിതകർമ്മസേന വാതിൽപ്പടി ശേഖരണത്തിലൂടെ സംഭരിക്കുന്ന പാഴ്വസ്തുക്കൾ സൂക്ഷിക്കുന്നതിനും, തരംതിരിക്കുന്നതിനുമായി ഒരു സ്ഥിരം എം.സി.എഫ് ഗ്രാമപഞ്ചായത്ത് നാളിതുവരെ നിർമ്മിച്ച നൽിയിട്ടില്ല. നിലവിൽ 6ാം വാർഡിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന താൽക്കാലിക എം.സി.എഫിൽ വൈദ്യതി, കുടിവെള്ളം, ശുചിമുറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ല. ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിക്കാനും, സൂക്ഷിക്കാനും സ്ഥലമില്ലാത്തതിനാൽ വാതിൽപ്പടി മാലിന്യശേഖരണം നടത്താനും യൂസർഫീ പിരിക്കാനും കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. പുനരുപയോഗ്യമായ പാഴ്വസ്തുക്കൾക്ക് വില ലഭിക്കുമെങ്കിലും എം.സി.എഫിലെ അസൗകര്യം മൂലം തരംതിരിക്കൽ കാര്യക്ഷമമായി നടപ്പിലാവാത്തതിനാൽ എല്ലാ പാഴ്വസ്തുക്കളും പുനരുപയോഗയോഗ്യമല്ലാത്തവ എന്ന ഗണത്തിലുൾപ്പെടുത്തി പണം നൽകി നീക്കം ചെയ്യിക്കേണ്ടി വരികയാണ്. ആവശ്യമായ സൗകര്യങ്ങളോടു കൂടിയ ഒരു സ്ഥിരം എം.സി.എഫ് നിർമ്മിച്ച് അടിയന്തിരമായി ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പുനരുപയോഗയോഗ്യമല്ലാത്ത മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കരാറിലേർപ്പെട്ടിട്ടുള്ള "നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് "എന്ന ഏജൻസിക്ക് 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 5,83,150/- രൂപ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് വളരെ അകലെയുള്ള കെ.ആർ.എസ് ഇലക്ട്രോണിക്സ്, കുന്ദമംഗലം എന്ന സ്ഥാപനത്തിൽ വച്ചാണ് ഇവർ നീക്കം ചെയ്ത മാലിന്യത്തിന്റെ തൂക്കം എടുത്തിട്ടുള്ളത്. തൂക്കമെടുത്തതിന് ഗ്രാമപഞ്ചായത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരാരും

മേൽനോട്ടം വഹിക്കുന്നില്ല. കൈയ്യൊഴിയുന്ന മാലിന്യങ്ങളുടെ ശുക്കമെട്ടപ്പിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പ വരുത്തേണ്ടതും, കഴിവതും എം.സി.എഫിൽ വച്ച തന്നെ ശുക്കമെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-32 ഗാർഹിക കമ്പോസ്റ്റിങ്ങ് സംവിധാനങ്ങളുടെ വിതരണം - അപാകതകൾ

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ വിവിധ പ്രൊജക്റ്റുകളിലായി താഴെ പറയുന്ന ഗാർഹിക കമ്പോസ്റ്റിങ്ങ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട് .

| ക്രമ നം. | പ്രോജക്റ്റ് | വിതരണം ചെയ്ത കമ്പോസ്റ്റിങ്ങ് ഉപകരണം | വിതരണം ചെയ്ത യൂണിറ്റുകൾ |
|---|---|---|---|
| 1 | എസ്.ഒ 122/2021-22 (വീടുകൾക്ക് റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് നൽകൽ ) | റിങ്ങ് കമ്പോസ്റ്റ് | 155 |
| 2 | 130/2021-22 (ബയോഗ്യാസ് പ്ലാന്റ് വിതരണം - ഗാർഹിക ഉപഭോക്താക്കൾക്ക്) | ബയോഗ്യാസ് പ്ലാന്റ് | 29 |
| 3 | 175/2021-22 (ഗാർഹിക ഉപഭോക്താക്കൾക്ക് പോർട്ടബിൾ ബയോബിൻ വാങ്ങി നൽകൽ) | പോർട്ടബിൾ ബയോബിൻ | 741 |

14.02.2018ലെ ജി.ഒ (എം.എസ്) 22/2018/തസ്വഭവ നമ്പർ ഉത്തരവിൽ ഗാർഹികതല ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിതരണത്തിൽ അഞ്ച് സെന്റോ അതിൽ കുറവോ ഭൂമിയുള്ള

ഗുണഭോക്താക്കൾക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരമുള്ള മുൻഗണന നൽകി തന്നെയാണോ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ്, ബയോ ബിൻ, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ കൈപ്പറ്റിയത് സംബന്ധിച്ച് ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിതരണം ചെയ്ത യൂണിറ്റുകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ഇല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/2021-22 തീയതി 14.12.2022) മറുപടി ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ നിർമ്മാർജന ആവശ്യകതകൾ സമഗ്രമായി വിലയിരുത്തിയതിന് ശേഷം മാത്രമാണ് ഗാർഹികതല ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സ്ഥലപരിമിതിയാണ് ഉറവിടജൈവമാലിന്യ സംസ്കരണത്തിനുള്ള പ്രധാന തടസ്സം എന്നതിനാൽ റിങ്ങ് കമ്പോസ്റ്റ്, ബയോബിൻ തുടങ്ങിയ സംവിധാനങ്ങൾ വിതരണം ചെയ്യുമ്പോൾ 14.02.2018ലെ ജി.ഒ (എം.എസ്) 22/2018/തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം അഞ്ച് സെന്റോ അതിൽ കുറവോ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് മുൻഗണന നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വിതരണം ചെയ്യപ്പെടുന്ന സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കപ്പെടുന്നുണ്ട് എന്ന് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ജൈവമാലിന്യ സംസ്കരണ ഉപാധികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സേവനം നൽകുക എന്നുള്ളത് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളിലൊന്നാണെന്ന് 12.08.2020 ലെ ജി.ഒ (ആർ.റ്റി) 1496/2020 /തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ അവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

### 1-33 ഭവനനിർമ്മാണ പൂർത്തീകരണം - പഞ്ചായത്തിന്റെ ഇടപെടൽ അഭിനന്ദനാർഹം

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെയും പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെയും വിവധ ഭവനനിർമ്മാണ പദ്ധതികളിലുൾപ്പെട്ടിരുന്നതും ഭാഗികമായി ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തിയാവാതിരുന്നതുമായ 159 ഭവനങ്ങൾ ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ടായിരുന്നു. അപ്രകാരം ഗ്രാമപഞ്ചായത്ത് പദ്ധതികളിലുൾപ്പെട്ടിരുന്ന 75 ഭവനങ്ങളും, ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളിലുൾപ്പെട്ടിരുന്ന 84 ഭവനങ്ങളും ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തപ്പെടുകയും അതിന്റെ ഫലമായി അവയിൽ ഭൂരിഭാഗം വീടുകളുടെയും നിർമ്മാണം പൂർത്തിയാവുകയും ചെയ്തിരുന്നു. ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടും 2020-21

സാമ്പത്തിക വർഷാവസാനം വരെ പണി പൂർത്തിയാവാത്ത ഭവനങ്ങളുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് നം. | മുൻമ്പ് ഉൾപ്പെട്ടിരുന്ന ഭവനപദ്ധതി | ആദ്യഗഡു കൈപ്പറ്റിയ വർഷം | നാളിതുവരെ അനുവദിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | ശാരദ എടക്കോട്ടുമ്മൽ | 12 | ഇ.എം.എസ് | 2007-08 | 238100 | 139400 |
| 2 | നാരായണി തമ്പാൻ ഊരാളിചാലിൽ | 17 | ഇ.എം.എസ് | 2009-10 | 152500 | 240000 |
| 3 | മാണിക്യം കുഞ്ഞിപറമ്പിൽ | 15 | ഇ.എം.എസ് | 2009-10 | 102500 | 280000 |
| 4 | ജാനു ഗോപാലൻ കണിയാങ്കണ്ടി മീത്തൽ | 8 | ഐ.എ.വൈ | 2007-08 | 310000 | 80000 |
| 5 | നാരായണി കുഞ്ഞിക്കണ്ണൻ നാട്ടാർകുഴിയിൽ | 9 | ഐ.എ.വൈ | 2009-10 | 235375 | 139480 |
| 6 | സുനിത അനീഷ് തച്ചംപാറ | 7 | ഐ.എ.വൈ | 2011-12 | 174883 | 180120 |
| 7 | വാസന്തി ബാലൻ പുതിയോട്ടുംകര | 5 | ഐ.എ.വൈ | 2013-14 | 249500 | 94000 |
| 8 | നീന സന്തോഷ് ചാലപ്പുറത്ത് | 9 | പി.എം. എ.വൈ | 2013-14 | 189500 | 167320 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 9 | പാത്തുമ്മ കുട്ടക്കൽ | 13 | ഐ.എ.വൈ | 2014-15 | 89500 | 293000 |
| 10 | ഓമന പുത്തൻ പുരക്കൽ താഴെ | 5 | പി.എം. എ.വൈ | 2016-17 | 228000 | 156000 |
| 11 | ലക്ഷ്മി കുന്നോത്ത് മീത്തൽ | 5 | പി.എം. എ.വൈ | 2016-17 | 328000 | 56000 |
| 12 | ബിജു അറക്കപ്പറമ്പിൽ | 6 | പി.എം. എ.വൈ | 2016-17 | 80000 | 304000 |
| 13 | അരിയായി കേളോത്ത് മീത്തൽ | 7 | പി.എം. എ.വൈ | 2016-17 | 48000 | 336000 |
| 14 | ബീവി പാറച്ചാലിൽ | 8 | പി.എം. എ.വൈ | 2016-17 | 48000 | 336000 |
| 15 | അരിയായി ചക്കിട്ടാംകണ്ടി മീത്തൽ | 13 | പി.എം. എ.വൈ | 2016-17 | 100000 | 284000 |
| 16 | അജിത കുഞ്ഞിരാമൻ പൂക്കോട്ടുചാലിൽ | 5 | പി.എം. എ.വൈ | 2017-18 | 48000 | 352000 |

മേൽപറഞ്ഞവയിൽ ക്രമ നം. 1 മുതൽ 3 വരെയുള്ളവർ ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെട്ടിരുന്നവരും ശേഷിക്കുന്നവർ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെട്ടിരുന്നവരുമാണ്. ഗ്രാമ/ബ്ലോക്ക് പദ്ധതികളിൽ ഉൾപ്പെട്ടവർ എന്നുള്ള വേർതിരിവില്ലാതെ മേൽപറഞ്ഞ മുഴുവൻ പേരുടെയും ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കാൻ ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് ഒരു ഉപസമിതിയെ നിയോഗിക്കുകയുണ്ടായി. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണും 9, 17, 18, 19 വാർഡുകളിലെ മെമ്പർമാരും ഉൾപ്പെട്ട ഉപസമിതി സ്ഥല സന്ദർശനവും ഗുണഭോക്താക്കളുമായി കൂടിക്കാഴ്ചകളും നടത്തി 10.06.2021ന് ഭരണസമിതിക്ക് വിശദമായ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മേൽപറഞ്ഞ ഗുണഭോക്താക്കളുടെ പ്രശ്നങ്ങളും അവർ ഭവനനിർമ്മാണം പൂർത്തികരിക്കാത്തതിനുള്ള കാരണങ്ങളും പരിഹാര സാധ്യതകളുമടങ്ങുന്ന പ്രസ്തുത റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന്റെ പാർപ്പിടമേഖലയിലുള്ള വളരെ നല്ലൊരു ഇടപെടലാണ്. ഇക്കാര്യത്തിൽ ഭരസമിതിയും, ഉപസമിതിയും,

റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും അഭിനന്ദനമർഹിക്കുന്നു.

റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം പൊതു ജനങ്ങൾ, സഹകരണസ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, ബാങ്കുകൾ, ക്ലബ്ബുകൾ, കുടുംബശ്രീ തുടങ്ങിയവയുടെ കൂട്ടായ ഇടപെടലുകൾ ഉറപ്പുവരുത്തി മുടങ്ങിക്കിടക്കുന്ന ഭവനനിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പട്ടികയിൽ പരാമർശിച്ച ഗുണഭോക്താക്കളിൽ ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെട്ട് മുൻപ് ധനസഹായം ലഭിച്ച മാണിക്യം കുഞ്ഞിപറമ്പിൽ (ക്രമ നം.3) എന്നവർക്ക് നിലവിൽ വീട് അവശ്യമില്ല എന്ന് ഉപസമിതി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇക്കാര്യം ഉറപ്പുവരുത്തി അവർക്ക് ഭവനനിർമ്മാണത്തിനായി ഇതിനകം അനുവദിച്ച തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-34 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മുൻകൂർ രജിസ്റ്റർ സംക്ഷിപ്തം പ്രകാരം മുൻകാലങ്ങളിലെ പല മുൻകൂറുകളും ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| തീയതി | ആർക്ക് നൽകി | ആവശ്യം | തുക |
|---|---|---|---|
| 21.03.2016 | കെ.മുഹമ്മദ് | - | 1,000 |
| 30.09.2018 | ശൈലജ | ടി.എ അഡ്വാൻസ് | 1,000 |
| 25.01.2021 | മെമ്പർമാർ കില ട്രെയിനിംഗ് | ഫുഡ് അലവൻസ് | 8,625 |

| | | | |
|---|---|---|---|
| 30.01.2021 | രാജൻ, കേരള ഹോട്ടൽ | ടീ & സ്നാക്സ് | 1,950 |
| 09.11.2021 | മെമ്പർമാർ | കില ട്രെയിനിംഗ് | 10,600 |
| 21.03.2014 | KWA | - | 3,00,000 |
| 31.03.2017 | KWA | - | 3,00,000 |
| 30.07.2018 | KSEB | ഷോപ്പിംഗ് കോംപ്ലക്സ് | 3,000 |

മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ, ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും, ക്രമീകരിച്ചിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം നൽകേണ്ടതുമാണ്.

### 1-35 വെള്ളക്കരം അടവാക്കൽ - അപാകതകൾ

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി 2021-22 സാമ്പത്തിക വർഷത്തിൽ 8,21,436/- രൂപ കേരള വാട്ടർ അതാറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 149 പൊതുവെള്ള ടാപ്പുകളാണ് ഉള്ളത്. ടാപ്പൊന്നിന് വാർഷിക വെള്ളക്കരം 5,512.50/- രൂപ എന്ന നിരക്കിൽ 149 ടാപ്പുകൾക്കുള്ള വെള്ളക്കരമായി പ്രതിമാസം 68,453/-രൂപയാണ് നിലവിൽ ഡിമാന്റ് നോട്ടീസ് പ്രകാരം അടവാക്കി വരുന്നത്. പൊതുടാപ്പുകളുടെ എണ്ണവും അവ സ്ഥിതി ചെയ്യുന്ന സ്ഥലവും രേഖപ്പെടുത്തിയിട്ടുള്ള സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള ടാപ്പുകൾ തന്നെയാണോ യഥാർത്ഥത്തിൽ ഉള്ളത് എന്നും, അവയെല്ലാം പ്രവർത്തനക്ഷമമാണോ എന്നും വ്യക്തമല്ല.

പ്രതിമാസ ഡിമാന്റ് തുക മുഴുവനായി അടവാക്കി വരുന്നുണ്ടെങ്കിലും 02/2022 ലെ ഡിമാന്റ് നോട്ടീസിൽ ഗ്രാമപഞ്ചായത്ത് 1,554/- രൂപ കുടിശ്ശിക അടവാക്കുവാനുണ്ട് എന്ന് രേഖപ്പെടുത്തിയിതിന്റെ കാരണം വ്യക്തമല്ല.

### 1-36 കോടതി കേസുകൾ കൈകാര്യ ചെയ്യുന്നതിൽ അപാകത

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ സ്യൂട്ട് രജിസ്റ്റർ പ്രകാരം വിവിധ കോടതികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിലുമായി ഗ്രാമപഞ്ചായത്ത് കക്ഷിയായി ആകെ 17 കേസുകളാണ് ഫയൽ ചെയ്യപ്പെട്ടിട്ടുള്ളത് ഉള്ളത്.

മേൽപറഞ്ഞവയിൽ എത്ര കേസുകൾ ഇതുവരെ തീർപ്പായി എന്നും എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ട് എന്നുമുള്ള വിവരങ്ങളൊന്നും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കേസുകളുടെ

നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/2021-22 തീയതി 13.12.2022) മറുപടി ലഭിച്ചിട്ടില്ല. കേസ് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ കേസുകളുമായി ബന്ധപ്പെട്ട രേഖകൾ യഥാസമയം കോടതിയിൽ ഹാജരാക്കിയുരുന്നോ എന്നും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം ഏതെങ്കിലും കേസുകളിൽ പ്രതികൂല വിധി ഉണ്ടായിട്ടുണ്ടോ എന്നും ഉറപ്പു പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ എന്നതും വ്യക്തമല്ല.

കോടതി കേസുകളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ആയത് ബന്ധപ്പെട്ട കേസ് ഫയലുകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-37 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി-പദ്ധതി നടത്തിപ്പിലെ അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്റ്റ് നമ്പർ | SO118/21-22 |
| പ്രോജക്ടിന്റെ പേര് | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി |
| അടങ്കൽ (രൂപ) | 153840/- വികസനഫണ്ട് (പൊതുവിഭാഗം)<br>262400/- സംസ്ഥാനാവിഷ്കൃതം<br>92000/- കേന്ദ്രാവിഷ്കൃതം<br>762360/- മറ്റുള്ളവ |
| അടങ്കൽ ആകെ (രൂപ) | 1270600/- രൂപ |
| ചെലവ് ബിൽ നം/തീയതി<br>ആകെ | 44640/- രൂപ<br>Bill Reference No.<br>21160652038501310453/12.03.2022 |
| | 43200/- രൂപ<br>Bill Reference No.<br>21160652038500513995/12.10.2022 |

| | |
|---|---|
| | 87840/- രൂപ |

2021-22 വാർഷിക പദ്ധതിയിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

സുഭിക്ഷ കേരളം പദ്ധതി പ്രകാരം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. സ.ഉ.(സാധാ)നം.1009/ 2020/ത.സ്വ.ഭ.വ. തീയതി 29.05.2020 ഉത്തരവിലെ ഖണ്ഡിക 4.2 പ്രകാരം പൊതുവിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ (അനുവദനീയമായത് 1,23,000/- രൂപ) 40% സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് ഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. ആയത് പ്രകാരം തദ്ദേശസ്ഥാപനത്തിന് 32,800/- രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം പ്രോജക്ടിന്റെ ഭാഗമായി ഒൻപത് പേർക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. അതിൽ ആറ് ഗുണഭോക്താക്കൾക്കും കൂടി 44,640/- സബ്സിഡിയായി അനുവദിച്ചതിൽ അപാകത കാണുന്നു. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് ഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ് എന്ന സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി മുഴുവൻ തുകയും തദ്ദേശഭരണ സ്ഥാപനം വഹിച്ചിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

44640/- രൂപ

Bill Reference No.

21160652038501310453/12.03.2022

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | അടിസ്ഥാന സൗകര്യ വികസനം (രൂപ) | | | |
|---|---|---|---|---|---|
| | | ഗുണഭോക്താവ് ചെലവഴിച്ച തുക | ആകെ അനുവദിക്കാവുന്ന സബ്സിഡി (രൂപ) | തദ്ദേശ സ്ഥാപനം നൽകേണ്ട തുക (2/3) (രൂപ) | തദ്ദേശ സ്ഥാപനം അധികം നൽകിയ തുക (രൂപ) |
| 1 | ശ്രീ.മോഹനൻ. പി.പി | 18600 | 7440 | 4960 | 2480 |

| | | | | | |
|---|---|---|---|---|---|
| 2 | ശ്രീമതി. ഷൈലജ | 18600 | 7440 | 4960 | 2480 |
| 3 | ശ്രീ. മുഹമ്മദ്. എം | 18600 | 7440 | 4960 | 2480 |
| 4 | ശ്രീ. വിജയൻ. കെ | 18600 | 7440 | 4960 | 2480 |
| 5 | ശ്രീ. ഇബ്രാഹിം | 18600 | 7440 | 4960 | 2480 |
| 6 | ശ്രീ. അമ്മദ് | 18600 | 7440 | 4960 | 2480 |
| ആകെ | | | 44640 | 29760 | 14880 |

ഓഡിറ്റ് എൻക്വയറി നമ്പർ 29/20-21 തീയതി 14/12/2022 ന് മറുപടിയുടെ ലഭ്യമാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ 14,880/- രൂപയുടെ അധിക ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

44640/- രൂപ

Bill Reference No.

2116065203850131O453/12.03.2022

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | അടിസ്ഥാന സൗകര്യ വികസനം (രൂപ) | | | |
|---|---|---|---|---|---|
| | | ഗുണഭോക്താവ് ചെലവഴിച്ച തുക | ആകെ അനുവദിക്കാവുന്ന സബ്സിഡി (രൂപ) | തദ്ദേശ സ്ഥാപനം നൽകേണ്ട തുക (2/3) (രൂപ) | തദ്ദേശ സ്ഥാപനം അധികം നൽകിയ തുക (രൂപ) |
| 1 | ശ്രീ.മോഹനൻ. പി.പി | 18600 | 7440 | 4960 | 2480 |
| 2 | ശ്രീമതി. ഷൈലജ | 18600 | 7440 | 4960 | 2480 |
| 3 | ശ്രീ. മുഹമ്മദ്. എം | 18600 | 7440 | 4960 | 2480 |

| | | | | | |
|---|---|---|---|---|---|
| 4 | ശ്രീ. വിജയൻ. കെ | 18600 | 7440 | 4960 | 2480 |
| 5 | ശ്രീ. ഇബ്രാഹിം | 18600 | 7440 | 4960 | 2480 |
| 6 | ശ്രീ. അമ്മദ് | 18600 | 7440 | 4960 | 2480 |
| | | ആകെ | 44640/- | 29760/- | 14880/- |

ഓഡിറ്റ് എൻക്വയറി നമ്പർ 29/20-21 തീയതി 14/12/2022 ന് മറുപടിയുടെ ലഭ്യമാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ 14880/- രൂപയുടെ അധിക ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 08.12.2022, 09.12.2022 | ഈ റിപ്പോർട്ടിനോടൊപ്പം |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ച |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 44,085 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി (സ്പിൽ ഓവർ) | 44,085 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 90,000 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 90,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 60,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 3,00,000 | മിൽക്ക് ഇൻസെന്റീവ് | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,80,000 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 1,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,20,000 | മുട്ടഗ്രാമം (നാടാകെ നാടൻ കോഴികൾ) | 1,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 4,80,000 | ലൈഫ് ഭവന പദ്ധതി | 4,80,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (പട്ടികജാതി) | | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 6,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 6,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000 | മിൽക്ക് ഇൻസെന്റീവ് | 1,00,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പാറച്ചാലിൽ കുടിവെള്ള പദ്ധതി വൈദ്യുതീകരണം ലൈൻ വലിക്കൽ | 187/21.01.2022 | 41,470 | 41,470 | - |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ | 360/31.03.2022 | 14,76,433 | 14,76,433 | - |

(പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഖണ്ഡിക 1-21 കാണുക )

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി- 18/05/2018 | 0 | 2,81,41,726 | 23,55,467 | -- | 2,57,86,259 |

(2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-5 പ്രകാരം Loans From KURDFC ഇനത്തിൽ തിരിച്ചടയ്ക്കാനുള്ളത് 2,55,79,706 രൂപയാണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 2,57,86,259/- രൂപയാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്. ഖണ്ഡിക 1-2-1 ൽ ക്രമ നമ്പർ 3 കാണുക)

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,10,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 50,10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50,10,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇ എം എസ് മെമ്മോറിയൽ കോ.ഓപ്പ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ പേരാമ്പ്ര, ഷെയർ സർട്ടിഫിക്കറ്റ് നം.1426, 26.08.2004 | 10,000 |
| ചങ്ങരോത്ത് സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക് - നം-0102009866 മുതൽ 0102009875 വരെ | 50,00,000 |
| ആകെ | 50,10,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,415/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2002-03 | 3-14 | 50 | ശ്രീമതി. ദേവി.സി.എം | 121040101173, Dtd-11.08.2021 |
| 2002-03 | 3-14 | 240 | ശ്രീമതി. ലളിത.എ | 121040101174, Dtd-11.08.2021 |
| 2002-03 | 3-14 | 50 | ശ്രീ. പി.പി.രാജൻ | 121040101609, Dtd-09.09.2021 |
| 2002-03 | 3-14 | 1000 | ശ്രീ.എ.കെ.ഗോപാലൻ | 121040101610, Dtd-09.09.2021 |
| 2016-17 | 3-11 | 1760 | ശ്രീമതി.മോളി.ടി.ഡി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 121040108166, Dtd-17.02.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | വർഷം | | |
| | | | | മൺപാത്ര നിർമ്മാണം തുടങ്ങിയതിന് രേഖകളില്ല. |
| | | | | പായ,കൊട്ട, മുറം നിർമ്മാണ യൂനിറ്റ് തുടങ്ങിയതിന് രേഖകളില്ല. |
| 2000-01 | 11.1.3.23.117 | 2004-05 | -ടി- | നികുതി പിരിവിൽ അലംഭാവം |
| 2001-02 | 2(1) A,b 2(2),2(3),2(4), 2(5), 2(12) | 2006-07 | -ടി- | മണൽ വില്പന റിവർ മാനേജ്മെന്റ് ഫണ്ട് അടവാക്കുന്നില്ല. |
| | 4.2.8.51 | 2014-15 (പ്രവർത്തന ക്ഷമതാ റിപ്പോർട്ട്) | | ആർ.എം.എഫ്. ൽ ഒടുക്കിയ തുക കുറവ് |
| | 5.7.1, 78 | | | മൃഗസംരക്ഷണം നീക്കി വെയ്ക്കുന്ന തുകകൾ പരിമിതം |
| | 5.7.3.78 | | | മൃഗസംരക്ഷണ പദ്ധതി നാമമാത്രം, |
| | 5.7.3.80 | | | പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ |
| | 5-7.12.100 | 2014-15 | | കർഷകർക്ക് പരിശീലനം നൽകിയില്ല, ഗോരക്ഷാ ക്യാമ്പ് നടത്തിയില്ല, |
| | 5.7.12.101 | 2014-15 | | ഗോരക്ഷാ ക്യാമ്പ് നടത്തിയിട്ടില്ല. |
| | 5.7.12.13.101 | 2014-15 | | സംസ്ഥാന വിഹിതം ലഭ്യമാക്കാത്തതിലെ കാലതാമസം, |
| | 5.7.12.105 | 2014-15 | | കാലിത്തീറ്റയുടെ ഗുണനിലവാരം |

| | | | | |
|---|---|---|---|---|
| | | | | പരിശോധിക്കുന്നില്ല |
| 2015-16 | അനുബന്ധം -5 | 2016-17 | | തൊഴിൽ നികുതി അപാകതകൾ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,24,27,974 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,90,56,409 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,97,396 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 72,000 | ശ്രീമതി. അനിതകുമാരി.ഐ, |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-21 | 7,58,326 | ശ്രീമതി. അനിതകുമാരി.ഐ,<br>സെക്രട്ടറി |
| 1-23 | 3,99,973 | ശ്രീമതി. നീതു വർഗ്ഗീസ്,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-27 | 32,865 | ശ്രീമതി. അനിതകുമാരി.ഐ,<br>സെക്രട്ടറി |
| 1-28 | 51,800 | ശ്രീമതി. അനിതകുമാരി.ഐ,<br>സെക്രട്ടറി |
| 1-37 | 14,880 | ശ്രീ. ശ്യാംചന്ദ്,<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ആകെ | 14,97,396 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനിതകുമാരി.ഐ,<br>സെക്രട്ടറി | സെക്രട്ടറി,<br>പ്രമാടം<br>ഗ്രാമപഞ്ചായത്ത്,<br>പത്തനംതിട്ട | കൃഷ്ണപ്രിയ,<br>ഇഞ്ചക്കാട്,<br>മൈലം(പി.ഒ)<br>കൊല്ലം |

| | | |
|---|---|---|
| ശ്രീമതി. നീതു വർഗ്ഗീസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് | മണിമലകുന്നേൽ, പൂഴിത്തോട്, പെരുവണ്ണാമൂഴി, കോഴിക്കോട് |
| ശ്രീ. ശ്യാംചന്ദ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ, കാഞ്ഞങ്ങാട് | ശ്രേയസ്, കൽപത്തൂർ (പി.ഒ), കോഴിക്കോട്-673524 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ ക ത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| | കെ.എസ്.എ.കെ.കെ.ഡി.പി7/877/19(1) തീ.08.02.2021 | | |
| | കെ.എസ്.എ.കെ.കെ.ഡി.പി7/877/19(2)തീ.08.02.2021 | | |
| | കെ.എസ്.എ.കെ.കെ.ഡി.പി7/877/19(3)തീ.08.02.2021 | | |
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി4/534/18(4)തീ.5.6.2018 | 3 | 39, 43, 44 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി7/877/19(4)തീ.08.02.21 | 1 | 36 |
| | കെ.എസ്.എ.കെ.കെ.ഡി.പി7/877/19(5)തീ.08.02.21 | | |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി7/877/19(6)തീ.08.02.21 | 15 | 2-1(എ), 2-1(ബി), 2-1(സി), 2-3, 2-4, 2-5, 2-7, 2-8, 2-10, 2-11, 2-12, 2-13, 2-15, |

| | | | |
|---|---|---|---|
| | | | 2-16, 2-17 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി.പി2/ 832/03 തീ-11.11.2005 | 5 | 6, 8, 9, 10, 11 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി7/ 1287/2021(4) തീ-16.04.2022 | 1 | 3-4 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(1) തീ-25.07.2022 | 15 | 2-1, (4, 5, 6, 8)2-2, 2-6, 3-1, 3-5, 3-6, 3-9, 3-10, 3-16, 3-17, 3-18, 3-19 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(2) തീ-25.07.2022 | 2 | 3-2, 3-6 |
| 2005-06 | എൽഎഫ് കെകെഡി പി4/ 837/09 തി 4.8.09 | 15 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2006--07 | എൽഎഫ് കെകെഡി പി4/ 1157/11 തി 20.1.12 | 31 | 2-1, 2-2, 2-3, 2-5, 2-6, 2-7, 2-8, 2-9, 3-3, 3-5, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30 |
| 2007-08 | എൽഎഫ് കെകെഡി പി4/ 1158/11 തി 3.2.12 | 26 | 2-5, 2-7, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, |

| | | | |
|---|---|---|---|
| | | | 3-21, 3-23, 3-24, 3-25 |
| 2008-09 | എൽഎഫ്.കെകെഡിപി4/ 1935/12 തി 25.1.13 | 21 | 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11(1), (2), 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2009-10 | എൽഎഫ്.കെകെഡിപി4/ 1940/12 തി 28.1.13 | 20 | 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2010-11, 2011-12 | എൽഎഫ്.കെകെഡിപി4/ 2200/14 തി 2.5.15 | 21 | 2-1, 2-2(2), 2-2(3), 2-2(4), 2-3, 3-2, 3-6(1), 3-6(2), 3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-18, 3-19, 3-21, 3-22, 3-23, 3-25 |
| 2012-13 | കെ എസ് എ കെ കെ ഡി/പി4/210/14 29.10.15 | 27 | 1-2, 1-3, 1-4,2-2ബി, 2-4(2), 2-4(4), 2-6(2) , 2-6(4), 2-6(5), 2-7, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-18, 3-19, 4-1(1), 4-1(2) |

| | | | |
|---|---|---|---|
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി7/ 1135/2021 തീ-13.10.2020 | 9 | 3-2, 3-3, 3-5, 3-6, 3-7, 3-11, 3-12, 3-13, 3-15 |
| 2015-16 | *കെ എസ് എ കെ.കെ.ഡി/പി 4/2098/2016 തീ.5.5.17* | 18 | 2-1,2-2,2-3,2-4, 2-5,3-1, 3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10, 3-11,3-12, 3-13 |
| 2016-17 | കെ എസ് എ കെ.കെ.ഡി/പി 4/529/18 തീ. 03.04.2018 | 20 | 2-1(3), 2-2, (1, 2, 3, 4 ,5), 2-3, 3-1, 3-3, 3-4, 3-5, 3-7, 3-8, 3-11, 3-12(1), (2), 3-13, 3-14, 3-15, 3-16 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.7/ 758/2020, തീ-11.11.2020 | 30 | 1-6, 1-10-1, 1-10-3, 1-10-4, 1-10-5, 1-10-6, 1-10-7, 1-10-8, 1-10-10, 1-10-12, 1-10-13, 1-10-14, 1-10-16, 2-1-1, 2-1(3), 2-2, 2-3(1), 2-4(1), 2-4(2), 2-6, 3-1, 3-1(4), 3-3, 3-4, 3-6, 3-7, 3-8, 3-9, 3-12, 3-13 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.7/ 1309/2020 തീ-29.01.2021 | 27 | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 2-1, 3-1, 4-8, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.7/ | 13 | 1-1, 1-2, 1-3, 1-4, 1-5, |

| | | | |
|---|---|---|---|
| | 1705/2021 തീ-10.12.2021 | | 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.7/ 1706/2021 തീ-15.12.2021 | 29 | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്